
# ബൈബിൾ
# ട്രൂത്



# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to,

Editor
THE BIBLE TEACHER
C–22 N. D. S. E.2
New Delhi-110049

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE *** J. C. CHOATE

***

Published by church of christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol 3 February 1990 No. 11


## എഡിറ്റോറിയൽ

ഭൗതികവാദികളും രാഷ്ട്രീയ പ്രവർത്തകരും ചെയ്യുന്ന സാമൂഹ്യചൂഷണം മതനേതാക്കൻമാർ നടത്തുന്നതു കേവലം ലജ്ജാകരമാണ്. അടുത്ത സമയത്ത് ഞാൻ ഒരു വീട്ടിൽ ചെന്നപ്പോൾ അവിടെ കണ്ട ഒരു പ്രസിദ്ധീകരണം ആണ് എന്നെ ഇതു എഴുതുവാൻ പ്രേരിപ്പിച്ചത്. വിദ്യാഭ്യാസം പൂർത്തീകരിക്കുവാൻ സാമ്പത്തികശേഷിയില്ലാത്തവരെ സഹായിക്കാനായി രൂപപ്പെടുത്തിയ ഒരു ട്രസ്റ്റിന്റെ ഉദ്ദേശവും പ്രവർത്തനഘടനയും ആ ചെറു പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. ഒരു മെമ്പർഷിപ്പിന് നിശ്ചിതതുകയും അതിനുള്ള പദവിയും വാഗ്ദാനം ചെയ്തിട്ടുണ്ട്. സാമൂഹ്യസേവനം ലക്ഷ്യമാക്കിയാണ് ചെയ്യുന്നത്. പക്ഷെ ഈ വ്യക്തി ഇത്തരത്തിൽ മറ്റൊരു പിരിവ് നടത്തിയതായും എനിക്കറിയാൻ കഴിഞ്ഞു. സ്വന്തമായി ഭവനമില്ലാത്തവർക്കു ഭവനം വാഗ്ദാനം ചെയ്തു ഏതാനും പേരുടെ പക്കൽ നിന്നും പണവും സ്ഥലത്തിന്റെ പട്ടയവും വാങ്ങിയിട്ടെന്തായി എന്നു ചിലർ ചോദിക്കുന്നു. മതഭക്തിയും ആളുകളുടെ ഔദാര്യവും ചൂഷണം ചെയ്യുന്ന ഇത്തരം മ്ലേച്ഛമായ പ്രവർത്തനങ്ങൾ അവർ നിർത്തിയിട്ട് ജനങ്ങളുടെ,ആത്മാക്കളുടെ രക്ഷക്കു ദൈവം പ്രതിപാദിച്ചിട്ടുള്ള മാർഗ്ഗം അനുസരിക്കുകയും മററുള്ളവരെ അതു പഠിപ്പിക്കുകയും ചെയ്തുവെങ്കിൽ എത്ര നന്നായിരുന്നു. അത്തരത്തിലുള്ള സേവനമാണ് ദൈവം ഓരോരുത്തരിൽ നിന്നും പ്രതീക്ഷിക്കുന്നത്.

പി.കെ. വർഗീസ്

# ഒരു പിതാവും തൻെറ കുട്ടികളും

J. C. ചോട്ട്

ഒരു പിതാവും തൻെറ കുഞ്ഞുങ്ങളും തമ്മിലുള്ള ബന്ധം വളരെ മനോഹരമായ ഒന്നാണ്. മക്കളോടുള്ള ഉത്തരവാദിത്വം തോന്നുന്നതു പിതാവിനാണ്. അവൻ അവരെ സ്നേഹിക്കയും ആ സ്നേഹത്താൽ അവരെ അച്ചടക്കത്തിൽ നിർത്തുകയും ചെയ്യുന്നു. എല്ലാററിലും നല്ലതു തൻെറ കുഞ്ഞുങ്ങൾക്കായി അയാൾ തെരഞ്ഞെടുക്കുന്നു. എന്നാൽ ചില സമയത്ത്, ചില കാര്യങ്ങൾ അല്ലെങ്കിൽ വസ്തുക്കൾ അവർക്കു നൽകാതെയുമിരിക്കുന്നു. മക്കൾ, തങ്ങളുടെ പിതാവിനെ സ്നേഹിക്കുകയും അവർ അവനിൽ വിശ്വാസമർപ്പിക്കുകയും ചെയ്യുന്നു. കാരണം അദ്ദേഹം അവരുടെ ആവശ്യങ്ങൾ നിറവേററി അവരെ സംരക്ഷിക്കുന്നു. ശിക്ഷിച്ച് അച്ചടക്കത്തിൽ ഒതുക്കുന്നതിന് മുൻപ് അവർക്ക് ശ്രേഷ്ഠമായ സ്നേഹം കാണിച്ചു കൊടുക്കണം. അല്ലെങ്കിൽ അവരിൽ ഏല്ക്കുന്ന ശിക്ഷയിൽ നിന്നും ഉളവാകുന്ന പ്രതികരണം നിഷേധാത്മകമായിതീരും. അടുത്ത ദിവസത്തെ ആഹാരത്തെക്കുറിച്ചോ പിന്നീട് ധരിക്കേണ്ട വസ്ത്രത്തെ കുറിച്ചോ, വാടക കൊടുക്കുന്നതിനെ കുറിച്ചോ ഒന്നും അവർ വ്യാകുലരല്ല എന്നു നാം അറിയുന്നുവല്ലോ. അവരുടെ ശത്രുക്കളെ കുഞ്ഞുങ്ങൾക്കു ഭയമേയില്ല. അവരുടെ അച്ഛൻ അവരെ കൈക്കു പിടിച്ച്, നടത്തി, സൂക്ഷിച്ച് അവരുടെ ക്ഷേമത്തിലും സുരക്ഷിതത്വത്തിലും ശ്രദ്ധാലുവായിരിക്കുന്നേടത്തോളം, അവർക്കറിയാം ആ പിതാവ് അവരെ സ്നേഹിക്കുന്നുവെന്ന്.

സ്വർഗ്ഗീയ പിതാവും തൻെറ മക്കളായ പുത്രൻമാരും പുത്രിമാരും തമ്മിലുള്ള ബന്ധവും അതുപോലെ തന്നെയാണ്. ആകയാൽ ദൈവത്തിന് തൻെറ മക്കളോടുള്ള സ്നേഹം, തൻെറ മക്കൾക്ക് തമ്മിൽ തമ്മിലും ദൈവത്തോടും ഉണ്ടാകേണ്ട സ്നേഹം ഏതു തരത്തിലുള്ളതാണെന്നു നമുക്ക് നോക്കാം. ദൈവം വെളിപ്പെടുത്തിയിരിക്കുന്ന ആ സ്നേഹത്തെ അറിയാതെ എത്രയോ പേർ ഉണ്ടാകാം. അതിനെ കുറിച്ച് ചിന്തിക്കാത്തവരും കണ്ടേക്കാം.

1 ഈ ലോകത്തെയും ലോകത്തിലുള്ളതിനേയും സൃഷ്ടിച്ച ദൈവം മനുഷ്യരുടേയും സൃഷ്ടാവാണല്ലോ. അതുകൊണ്ടാണ് ദൈവം ഈ ലോകത്തെയും ലോകത്തിലുള്ള എല്ലാ മനുഷ്യരേയും സ്നേഹിക്കുന്നത്. നമ്മെ ഈ ഭൂമിയിൽ ജീവിക്കുവാൻ അനുവദിക്കുന്നതും ദൈവമാണ്. മനുഷ്യൻ പാപം ചെയ്തു ദൈവത്തോടു ശത്രുതയിലായിരുന്നപ്പോൾ ദൈവം തന്റെ സ്നേഹം പ്രകടിപ്പിച്ചു. തന്റെ പുത്രനെ അയച്ചു നമ്മെ രക്ഷിക്കുവാൻ അവൻ സന്നദ്ധനായി. നാം വേദപുസ്തകത്തിൽ വായിക്കുന്നത്, "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാന്തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല, ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ (യോഹന്നാൻ 3:16-17) എന്നാണ് പൗലോസ് തന്റെ ലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്നത്, "ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു (റോമർ 5:8) എന്നത്രേ. അവൻ നമുക്കു വേണ്ടി തന്റെ പ്രാണനെ വെച്ചു കൊടുത്തതിനാൽ നാം സ്നേഹം എന്ത് എന്ന് അറിഞ്ഞിരിക്കുന്നു (1 യോഹന്നാൻ 3:16). നമ്മെ സ്നേഹിച്ച് തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രനാണ് നമുക്കുള്ളത് (ഗലാത്യർ 2:20)

2 ദൈവത്തിന്നു നമ്മോടുള്ള സ്നേഹം നിമിത്തം, ക്രിസ്തു മുഖാന്തരം നമ്മെ രക്ഷിക്കുവാൻ അവന് പ്രസാദം തോന്നിയതിനാൽ നാം ദൈവത്തിന്റെ പുത്രൻമാരും പുത്രിമാരും ആയിതീർന്നു. അപ്പൊസ്തലനായിരുന്ന യോഹന്നാൻ പറഞ്ഞു, കാൺമിൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്കു എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു, അങ്ങനെ തന്നേ നാം ആകുന്നു. ലോകം അവനെ അറിഞ്ഞിട്ടില്ലായ്ക കൊണ്ട് നമ്മെയും അറിയുന്നില്ല.

3 ദൈവം നമ്മുടെ പിതാവും നാം അവന്റെ മക്കളും ആകയാൽ നാം അവനെ സ്നേഹിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും (യോഹന്നാൻ 14:15). യേശുക്രിസ്തു പറയുകയുണ്ടായി, "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണം എന്ന് (മത്തായി 22:37). വീണ്ടും അവൻ പറയുന്നതു ശ്രദ്ധിക്കുക.

"എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും;

എന്റെ പിതാവ് അവനെ സ്നേഹിക്കും ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടു കൂടെ വാസം ചെയ്യും. എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനം പ്രമാണിക്കുന്നില്ല. നിങ്ങൾ കേൾക്കുന്ന വചനം എന്റേതല്ല; എന്നെ അയച്ച പിതാവിന്റേത്രേ എന്ന് ഉത്തരം പറഞ്ഞു (യോഹന്നാൻ 14: 23,24).

4 നമ്മുടെ പിതാവ് നമ്മെ കുറിച്ച് കരുതലുള്ളവനും നമ്മെ അനുഗ്രഹിക്കുന്നവനുമാണ്. കാരണം, നാം അവന്റെ മക്കളാണ്. അപ്പൊസ്തലനായിരുന്ന പൌലൊസ് എഴുതി, "സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ (എഫെസ്യർ 1:3). പാപത്തിൽ തുടർന്നു ജീവിക്കുന്നവർ ക്രിസ്തുവിൽ നിന്നകലുന്നു. പാപത്തെ ഉപേക്ഷിക്കുന്നവൻ ക്രിസ്തുവിൽ നിലനില്ക്കുന്നു. അതായത്, അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്. അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. (1 യോഹന്നാൻ 1:7). അവന്റെ കല്പനകളെ നാം പ്രമാണിച്ചു അവന്നു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ട് എന്തു യാചിച്ചാലും അവങ്കൽ നിന്നു ലഭിക്കും. അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളതു നമുക്കു അവനോടുള്ള ധൈര്യമാകുന്നു. നാം എന്തു അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നു അറിയുന്നുവെങ്കിൽ അവനോടു കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നും അറിയുന്നു. ദൈവം നമ്മെ കരുതുകയും നമുക്കു വേണ്ടി ഒരുക്കുകയും ചെയ്യുന്നതിനെ പറ്റി പൌലോസ് വ്യക്തമാക്കുന്നു. "ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല; ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല."

5 നാം അനുസരണക്കേടു കാണിക്കുമ്പോൾ, കർത്താവു നമ്മെ ശിക്ഷിച്ച് ക്രമപ്പെടുത്തുന്നതു തന്റെ സ്നേഹത്തെ പ്രകടമാക്കുകയാണ്. എബ്രായ ലേഖകൻ അതു വിവരിക്കുന്നുണ്ട്. "പാപത്തോടു പോരാടുന്നതിൽ നിങ്ങൾ ഇതുവരെ പ്രാണത്യാഗത്തോളം എതിർത്തു നിന്നിട്ടില്ല, മകനേ, കർത്താവിന്റെ ശിക്ഷ നിരസിക്കരുത്, അവൻ ശാസിക്കുമ്പോൾ മുഷികയുമരുത്. കർത്താവു താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു, താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു എന്നിങ്ങനെ മക്കളോടു

(ശേഷം 27-ാം പേജിൽ)

# എന്റെ സഭ

**എം. കെ. കുര്യൻ**

“നീ പത്രോസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു” (മത്താ: 16:18).

ഇപ്രകാരം “ഞാൻ എന്റെ സഭയെ പണിയും” എന്നു പറഞ്ഞതു പത്രോസല്ല, യാക്കോബല്ല, യോഹന്നാനോ, മത്തായിയോ, മററു അപ്പോസ്തലന്മാരോ, അവരുടെ പിൻഗാമികൾ എന്നു അവകാശപ്പെടുന്നവരോ ആരുമല്ല. പിന്നെയോ, “ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു” അത്രേ (മത്താ; 16:16). ഇവിടെ പാറ എന്നു ക്രിസ്തു പറഞ്ഞതു എന്താണ്? ക്രിസ്തു പണിയും എന്നു പറഞ്ഞ അവന്റെ സഭയുടെ അടിസ്ഥാനമാണ് പാറ. അതായതു, ഒരു നാളും നശിച്ചുപോകാത്തതും എന്നേക്കും നിലനില്ക്കുന്നതുമായ ഒരു അടിസ്ഥാനം എന്നർത്ഥം. ആ പാറ ക്രിസ്തുവത്രേ (1കൊരി. 10;4), ഇതിൽ നിന്നും ഈ പാറമേൽ എന്നു പറഞ്ഞിരിക്കുന്നതിന്റെ സാരം ക്രിസ്തു എന്ന അടിസ്ഥാനത്തിന്മേൽ എന്നാണെന്നു തെളിയുന്നു (1കൊരി. 3;11). ആയതിനാൽ ക്രിസ്തുവാകുന്ന പാറ പത്രോസല്ല (1കൊരി. 10;4) (ലൂക്കോ: 22: 31.34). വിശ്വാസമാണു പാറയെന്നു മററു ചിലർ പറയുന്നു. എന്നാൽ വിശ്വാസവും ക്രിസ്തുവാകുന്ന ആ പാറയല്ല (റോമ: 10:17), (എബ്രാ: 11:1). “ഞാൻ എന്റെ സഭയെ പണിയും” എന്നു പറഞ്ഞതു ക്രിസ്തു തന്നെ ആകയാൽ സഭ സ്ഥാപിച്ചതു ക്രിസ്തു തന്നേ എന്നും, അതു ക്രിസ്തുവിന്റെ സഭയാണെന്നും സാമാന്യ ബുദ്ധിയുള്ള എല്ലാവർക്കും മനസ്സിലാക്കാവുന്നതാണു, ഇപ്രകാരം ക്രിസ്തുവാകുന്ന പാറമേൽ അവന്റെ സഭയെ പണിയുമെന്നു ക്രിസ്തു പറഞ്ഞതിന്റെ ലക്ഷ്യം എന്തായിരുന്നു ?

പിതാവായ ദൈവവും പുത്രനായ ക്രിസ്തുവും ഒന്നായിരിക്കുന്നതു പോലെ ആദ്യം യെഹൂദന്മാരെയും (യിസ്രായേൽ) പിന്നെ ഈ ലോകത്തിലുള്ള മററു സകല ജാതികളെയും ആ സഭയിൽ

ചേർത്തുകൊണ്ടു മനുഷ്യവംശത്തെ മുഴുവനും അപ്രകാരം തന്നേ ഒന്നാക്കേണം എന്ന ഏക ലക്ഷ്യത്തോടെ ആയിരുന്നു. (യോഹ: 17: 17–23). ഈ ലക്ഷ്യ പ്രാപ്തിക്കു വേണ്ടിയാണു ക്രിസ്തു കുരിശിൽ തന്റെ രക്തം ചൊരിഞ്ഞു കഷ്ടതയനുഭവിച്ച് സ്വയം മരണം വരിച്ചതു (യെശ: 2: 1-4), (യെശയ്യ: 53: 10-12), (യോഹ: 11: 49–53), (പ്രവൃ: 20:28), (1 പത്രോ: 1: 18–19). ഇക്കാരണത്താലാണു ക്രിസ്തുവിന്റെ സഭയെ അവന്റെ ശരീരമായി തിരുവചനത്തിൽ ചിത്രീകരിച്ചിരിക്കുന്നതു. യിസ്രായേൽ മാത്രമല്ല, സകല ജാതികളിൽ നിന്നും വിളിക്കപ്പെട്ടവരെല്ലാം ക്രിസ്തുവിന്റെ സഭയാകുന്ന ആ ഏക ശരീരത്തിന്റെ അവയവങ്ങളാകുന്നു (എഫെ: 2: 11–19), (റോമ: 12: 3-5). എന്തുകൊണ്ടെന്നാൽ ഒരു ശരീരം അതിന്റെ പൂർണ്ണരൂപം പ്രാപിക്കുന്നതു എല്ലാ അവയവങ്ങളും കൂടിച്ചേർന്നാണു. ''എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും (അതിന്റെയർത്ഥം ''നിങ്ങൾ ക്രിസ്തുവിന്റെ സഭയും'') ഓരോരുത്തൻ വെവ്വേറായി അവയവങ്ങളും ആകുന്നു'' (അതായത് വ്യക്തിപരമായി ഓരോരുത്തരും ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളും ആകുന്നു എന്നർത്ഥം). സഭയാകുന്ന ഈ ശരീരം ഒന്നുമാത്രം. (1കൊരി: 12:27), (എഫെ: 4:2-6). ഇപ്രകാരം എന്റെ സഭയെ പണിയുമെന്നുള്ള ക്രിസ്തുവിന്റെ ലക്ഷ്യം ഏകദേശം A.D. 33-ൽ ആദ്യം യെരൂശലേമിൽ ഒരു യാഥാർത്ഥ്യമായി. യെരൂശലേമിലെ സഭ എന്നാണ് അത് അറിയപ്പെട്ടിരുന്നതു (പ്രവൃ: 8:1). ഇതിന്റെയർത്ഥം അതു യെരൂശലേമിലെ റോമൻ കത്തോലിക്കാ സഭ എന്നല്ല. പിന്നെയോ, യെരൂശലേമിലെ ക്രിസ്തുവിന്റെ സഭ എന്നാണു (മത്താ: 16:18), (എഫെ: 1:20-23).

തുടർന്ന് അന്ത്യോക്യ, റോമ, ഗലാത്യ, കൊരിന്ത്യാ, എഫെസോസ്, സ്മൃന്ന, ലവൊദിക്യാ, ഫിലദെൽഫിയ, പെർഗ്ഗമൊസു, തുയഥൈര, മുതലായ സ്ഥലങ്ങളിലും മററു പലേടത്തും ക്രിസ്തു അവന്റെ സഭയെ പണിതിരുന്നു. ഇവയെല്ലാം അറിയപ്പെട്ടിരുന്നത് ''എഫെസോസിലെ സഭ'' (അതിന്റെയർത്ഥം എഫെസോസിലെ ക്രിസ്തുവിന്റെ സഭ എന്നാണ്). ഇപ്രകാരം സഭ ഉണ്ടായിരുന്നിടത്തെല്ലാം സഭയോട് അതാതു പ്രദേശത്തിന്റെ പേരു മാത്രം കൂട്ടിച്ചേർത്തിരുന്നു. ഇപ്രകാരമുള്ള പ്രാദേശിക സഭകളെ ഒന്നാകെ പ്രതിനിധാനം ചെയ്തു കൊണ്ടാണ് ''ക്രിസ്തുവിന്റെ സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു'' എന്നു റോമർക്കു എഴുതിയ ലേഖനത്തിൽ അപ്പോസ്തലൻ വിവരിച്ചിരിക്കുന്നത് (റോമ. 16:16). ഈ സഭകളെല്ലാം ക്രിസ്തുവിന്റെ ഏക സഭ ആയിരുന്നു. യാക്കോബായയൊ, മാർത്തോമ്മായോ, പെന്തെകോസ്തോ, ബ്രദറനൊ, ലൂഥറനോ ഒന്നും അല്ലായിരുന്നു. (ഗലാ.1:6-10), (1 യോഹ. 4:6), (യോഹ. 13:20). സഭ ഏകദേശം

അതിന്റെ ആരംഭം മുതൽ 200 (ഇരുന്നൂറു) വർഷത്തിലേറെ കാലത്തോളം "ക്രിസ്തുവിന്റെ സഭ" എന്നാണ് അറിയപ്പെട്ടിരുന്നത്. ആയതിനാൽ ഇന്നു ലോകത്തിലുള്ളതായ മനുഷ്യരാൽ നാമകരണം ചെയ്യപ്പെട്ട സകല സമുദായ സംഘടനകളും 'എന്റെ സഭ' എന്നു ക്രിസ്തു പറഞ്ഞതായ ആ സഭയല്ല. എന്തു കൊണ്ടെന്നാൽ ഈ സമുദായ സംഘടനകളെല്ലാം ക്രിസ്തു സ്ഥാപിച്ച അവന്റെ സഭയുടെ മാതൃകയല്ല. കാരണം ക്രിസ്തുവിന്റെ സഭയാണ് നിത്യജീവങ്കലേക്കു പോകുന്ന വഴി (മത്താ. 7:13 14).

സകല മനുഷ്യരും ജാതി, മത, വിഭാഗീയ ചിന്താഗതികൾ വെടിഞ്ഞു ക്രിസ്തുവിന്റെ സുവിശേഷം അനുസരിച്ചു സ്നേഹത്തിലും ഐക്യതയിലും ഒന്നായിത്തീരുന്നു എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം തന്നേ അപ്രകാരം ഒന്നായിത്തീർന്നവരാണ് ക്രിസ്തു പണിത സഭ എന്നാണ് (യോഹ: 17;–17:23) (ഗലാ. 3:26-29) ഓരോ വ്യക്തിയും ക്രിസ്തുവിന്റെ സഭയാകുന്ന ശരീരത്തിന്റെ അവയവങ്ങളാണെന്നു നാം പഠിച്ചുവല്ലോ? (1കൊരി12:27) വ്യക്തികളാണ് അവയവങ്ങൾ എങ്കിൽ നാമധേയ വിഭാഗങ്ങൾക്ക് ക്രിസ്തുവിന്റെ സഭയോടു എന്തു ബന്ധം? (മത്താ 12:30). ആത്മികമായി ഒരു ബന്ധവും ക്രിസ്തുവിന്റെ സഭയോടു അവർക്കും, ക്രിസ്തുവിന്റെ സഭക്കു അവരോടും ലേശം പോലുമില്ല. എന്നാൽ സഹമനുഷ്യർ എന്ന അവസ്ഥയിൽ ഭൗതികമായ ഐക്യതയും, സ്നേഹവും, ബഹുമാനവും വചനവിരുദ്ധമല്ലാത്ത എല്ലാ സഹകരണവും ക്രിസ്തുവിന്റെ സഭക്കു അവരോടും മററു എല്ലാ മതങ്ങളോടും ഉണ്ടായിരിക്കും (2 യോഹ; 8,10). "അതു കൊണ്ടു പ്രിയൻമാരേ..........നിങ്ങൾ വിവേകികൾ എന്നു വെച്ചു ഞാൻ പറയുന്നു, ഞാൻ പറയുന്നതു വിവേചിപ്പിൻ. നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ (സഭയുടെ) കൂട്ടായ്മ അല്ലയോ? അപ്പം ഒന്നു ആകകൊണ്ടു പലരായ നാം ഒരു ശരീരം (ഒരു സഭ) ആകുന്നു: നാം എല്ലാവരും ആ ഒരേ അപ്പത്തിൽ (ശരീരത്തിൽ അഥവാ സഭയിൽ) അംശികൾ ആകുന്നുവല്ലോ" എന്നും, "ശരീരം ഒന്നു" എന്നും സഭയെക്കുറിച്ചു പഠിപ്പിക്കുന്നതു ശ്രദ്ധിച്ചാലും (1 കൊരി 10:14.17), (എഫെ4:4).

പ്രിയ വായനക്കാരേ, നിങ്ങൾക്കു അതു വിവേചിപ്പാൻ മനസ്സുണ്ടോ? വിവേചിക്കുമ്പോൾ മാത്രമേ, മനുഷ്യരാൽ നാമകരണം ചെയ്യപ്പെട്ട സകല സമുദായ സംഘടനകളും ദൈവമില്ലാത്തവരാണെന്നു മനസ്സിലാക്കുവാൻ നിങ്ങൾക്കു സാധിക്കയുള്ളു. (2 യോഹ. 8, 10), (ഗലാ. 1:6-10), (യോഹ 12:48). നിങ്ങൾ എല്ലാ

വരും ക്രിസ്ത്യാനികൾ അഥവാ ക്രിസ്തുവിൽ ഒന്നാകുന്നു എങ്കിൽ എന്തുകൊണ്ടു പരസ്പരം ഒരു വിവാഹം നടത്തുവാൻ സമുദായ പരിവർത്തനം ചെയ്യുന്നു? എന്തുകൊണ്ട് ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്ന നിങ്ങൾ തന്നേ, നിങ്ങൾ പരസ്പരം അംഗീകരിക്കാത്ത വേറൊരു ക്രിസ്ത്യാനിയായി പരിവർത്തനം ചെയ്യേണ്ടിവരുന്നു? എന്തുകൊണ്ടു ക്രൈസ്തവ ദേവാലയം എന്നു പറയുന്ന ആരാധനാ സ്ഥലങ്ങൾ സ്വന്തം ഭവനത്തിന്നരികെ തന്നെയുള്ള അവസ്ഥയിൽ അപ്രകാരമുള്ള മൂന്നും, നാലും. ദേവാലയങ്ങൾ താണ്ടി അനേകദൂരം സഞ്ചരിച്ചു ദൈവത്തെ ആരാധിക്കുവാൻ നിങ്ങൾക്ക് ഇടവന്നിരിക്കുന്നു? നിങ്ങൾ ക്രിസ്തുവിന്റെ സഭ അല്ലാത്തതു കൊണ്ടു് ഇങ്ങനെ ക്രിസ്തുവിനോടു നിങ്ങൾക്കുള്ള സ്നേഹമില്ലായ്മയും, പരസ്പരമുള്ള നിങ്ങളുടെ ഐക്യതയില്ലായ്മയും, ഭിന്നതയും, നിങ്ങൾ തന്നേ ലോകത്തിന് വെളിപ്പെടുത്തുകയല്ലയോ ചെയ്യുന്നത്? (യോഹ. 14:23-24), (13:20), (ഗലാ. 3:26-29), (എഫെ. 3:1-7), (4:1-6). ഞങ്ങളുടെ കാലശേഷം ഞങ്ങളുടെ പിൻഗാമികൾക്കു സഭക്ക് അവരുടെ ഇഷ്ടപ്രകാരമുള്ള വിവിധ നാമങ്ങൾ നല്കാമെന്നും, ഉപദേശങ്ങൾക്കും, ആചാരാനുഷ്ഠാനങ്ങൾക്കും മാററം വരുത്താമെന്നും ക്രിസ്തുവോ, അപ്പോസ്തലൻമാരൊ അവകാശം കൊടുത്തിട്ടുണ്ടോ? (യോഹ. 13:20) (പ്രവൃ. 20:27-32), (റോമ. 16:17,18), (എബ്രാ. 13:7,9), (ഫിലി. 3:17,21), (2 കൊരി 5:19-20), (1 യോഹ. 4:6), (2 പത്രോ. 3:1-4) (യൂദാ. 17;21), (2 യോഹ. 8,10), (യോഹ. 17:12-23), (മത്താ. 24:35) (1 പത്രോ. 1:22-25), മുതലായ വേദഭാഗങ്ങൾ പഠിച്ചാലും, അപ്രകാരം ചെയ്യുവാൻ അപ്പോസ്തലൻമാർക്കു പോലും വിശേഷാൽ സ്വർഗ്ഗത്തിലെ ഒരു ദൂതനുപോലും അവകാശമില്ലെന്നും, അപ്രകാരം ചെയ്യുന്നവർ ശപിക്കപ്പെട്ടവരാകുമെന്നും വെളിപ്പെടുത്തിയിരിക്കുന്നു. (ഗലാ. 1:6-10).

പ്രിയരേ, "എന്റെ സഭ" എന്നു ക്രിസ്തു പറഞ്ഞതു നിങ്ങൾ അംഗീകരിക്കുന്നുണ്ടോ? (മത്താ: 16:18). എങ്കിൽ സഭ ആരുടേതാണ്? ക്രിസ്തുവിന്റേതു മാത്രം (എഫെ: 1:20-23). "ക്രിസ്തുവിന്റെ സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു" എന്നു പറയുന്നു (റോമ: 16;16). ഇതിന്റെയർത്ഥം, വിവിധ നാമങ്ങളാലറിയപ്പെടുന്ന സകല സഭകളും ക്രിസ്തുവിന്റേതാണെന്നല്ല, പിന്നെയോ, ക്രിസ്തുവിന്റെ സഭകൾ എവിടെയെല്ലാമുണ്ടോ, ആ സഭകൾ എല്ലാം" എന്നാണു. ക്രിസ്തുവിന്റെ സഭയെ അവന്റെ ശരീരമായും ക്രിസ്തുവിനെ ആ ശരീരമാകുന്ന സഭയുടെ തലയായും, വ്യക്തിപരമായി ഓരോ ക്രിസ്ത്യാനിയും ആ ഏക ശരീരത്തിന്റെ അവയവങ്ങളായും തിരുവചനം വര

(ശേഷം 23-ാം പേജിൽ)

# “ആഴത്തിൽ നിന്ന് ഞാൻ നിന്നോടു നിലവിളിക്കുന്നു”

ഡി. ആർ. രാജദാസ്, കളത്തുകാൽ

ഇന്നത്തെ ജീവിതത്തിൽ മനുഷ്യന് വിവിധ രീതിയിലുള്ള പ്രശ്നങ്ങളും പ്രയാസങ്ങളും അഭിമുഖീകരിക്കേണ്ടതായിവരുമ്പോൾ അവനറിയാതെ അവനിൽ നിന്ന് ഒരു ശബ്ദം പുറപ്പെടുന്നു. “ദൈവമേ.” കഠിനരോഗങ്ങൾ അപകട പ്രതിസന്ധികൾ, സാമ്പത്തിക ബുദ്ധിമുട്ട് മുതലായവ നേരിടുമ്പോൾ അവന്റെ ക്രൂരവും ക്രോധവും നിറഞ്ഞ ചേതസ്സുകളിൽ സ്നേഹത്തിന്റെ ചെറിയ ചെറിയ കണികകൾ പൊട്ടിവിടരുന്നു. ഇതൊരു നിരീശ്വരവാദിയായാലും, വിദ്വാനായാലും, നിരീക്ഷണശാസ്ത്രജ്ഞനായാലും, പാപിയായാലും, പാമരനായാലും അവിചാരിതമായി അവന് ഉണ്ടാകുന്ന ഒരു ലക്ഷണമാണ്. വിലാപവും വിശാലവുമായ യാന്ത്രിക യാചനാകരമായ ആ ദീനസ്വരം ദൈവത്തിന്റെ ഹൃദയ തന്ത്രികളെ മുട്ടി തുറക്കാതിരിക്കുമോ? തീർച്ചയായും അപ്രകാരമേ സംഭവിക്കയുള്ളു.

ഭൗതിക ലോക ജീവിതത്തിലെ അഖില സരണികളും അപ്രായോഗ്യമാകുമ്പോഴാണ് ആകസ്മികമായി അഭീഷ്ടത്തോടുകൂടി ദൈവത്തിന്റെ സന്നിധിയിലേയ്ക്കു് മനുഷ്യൻ സാഷ്ടാംഗംവീണ് നമസ്ക്കരിക്കുവാൻ ശ്രമിക്കുന്നത്. ഭൗതിക ലോകത്തിലെ സമസ്ത ലൗകിക സുഖസൗകര്യങ്ങളുടെയും അസ്തമയം ആലോകനം ചെയ്യാൻ കിണഞ്ഞു പരിശ്രമിക്കുവാൻ ബന്ധപ്പെടുമ്പോഴാണ് തന്റെ തനിവിഡ്ഢിത്തമോർത്ത മർത്യ മനസ്സ് നൊമ്പരപ്പെടുന്നത്. ശരീരത്തെ കുറിച്ചോ പ്രാണനെ കുറിച്ചോ യാതൊരു ലക്ഷ്യബോധവുമില്ലാതെ കോശങ്ങളെ മന്ദഗതിയിലാക്കുന്ന രീതിയിലുള്ള മയക്കുമരുന്നിന്റെ മായാ ലോകത്ത് പാറിപ്പറക്കുന്ന മനുഷ്യന്, ദൈവത്തിന്റെ മന്ദിരമാണ് നശിപ്പിക്കുന്നതെന്ന് അവനറിയുന്നില്ല. ദൈവത്തിന്റെ മന്ദിരത്തെ നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും. ഈ വാക്യം ഇവിടെ സ്മരണായോഗ്യമാണ്.

ഒരു നായ് മാംസമില്ലാത്ത അസ്ഥിക്കഷണം കടിക്കുന്നു, ദീർ

ഘയാമം കടിച്ചതിന് ശേഷം അതിന്റെ വായിൽ നിന്ന് രക്തം പ്രവഹിക്കുന്നു. അസ്ഥിക്കഷണത്തിൽ നിന്ന് അല്ല; മറിച്ച് തന്റെ പല്ലിന്റെ ഉള്ളിൽ നിന്നാണ് രക്തം വരുന്നതെന്ന് നായ് അറിയുന്നില്ല. ആ യാഥാർത്ഥ്യം മനസ്സിലാക്കാതെ രക്തം വളരെ രസമുള്ളതായി തോന്നി അതിനെ ആസ്വദിക്കുന്നു. വീണ്ടും ആവർത്തിച്ച് അസ്ഥിക്കഷണം കടിക്കും തോറും വളരെ രക്തം വരുകയും അത് പാനം ചെയ്യുകയും ചെയ്യുന്നു. അവസാനം ദന്തങ്ങൾക്ക് നൊമ്പരം അനുഭവപ്പെടുമ്പോൾ അസ്ഥിക്കഷണം നായ് ഉപേക്ഷിച്ചു മടങ്ങി പോകുന്നു.

ഇപ്രകാരമാണ് ഒരു മനുഷ്യന്റെ അവസ്ഥാഭേദം. മദ്യവും മയക്കുമരുന്നും ആദ്യം അവന് രസമുള്ളതായി തോന്നുന്നു അതിന്റെ അന്ത്യവും ദൂഷ്യഫലവും നൊമ്പരങ്ങളുടെ അനുഭവവും മാത്രമായിരിക്കും. മാനസികമായും ശാരീരികമായും സാമ്പത്തികമായും മർത്യൻ ജീവിത വീഥിയിൽ കാലിടറി വീഴുമ്പോൾ മഹത്വത്തിന്റെ പ്രത്യാശയാകുന്ന ദൈവം തന്റെ ഇടത്തും വലത്തും ആശ്വാസത്തിന്റെ അത്ഭുത ഹസ്തങ്ങൾ നീട്ടി വഴിനടത്തുകയും ക്ഷേമമായി പരിപാലിക്കുകയും ചെയ്യും. എന്റെ സഹായം എവിടെനിന്ന്. എന്റെ സഹായം ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയിൽ നിന്നു വരുന്നു. സങ്കീർത്തനം 121:1-2

രക്ഷിതാവായ യേശുക്രിസ്തു ഈ ഭൂവനത്തിൽ നരാവതാരം ചെയ്തത് ഓരോ പാപിയുടെയും ഉദ്ധാരണത്തിനും വീണ്ടെടുപ്പിനും വേണ്ടിയാകുന്നു. ഒരു മഹാപ്രായശ്ചിത്തയജ്ഞമായിത്തീരുവാൻ അഖില ശക്തനായ പിതാവ് തന്റെ ആത്മജനെ ഈ വിഷ്ടപത്തിലേയ്ക്ക് അയച്ചു. ക്രിസ്തു തന്റെ നിഖില സൗഭാഗ്യങ്ങളും വെടിഞ്ഞു. ദൈവീക മഹിമ അഥവാ സ്നേഹസമാധാനം ഓരോ വ്യക്തികളിലും മാതൃകയാക്കുവാൻ അവൻ ഈ ലോകത്തിലേക്കു വന്നു.

ആമോദനത്തിന്റെ അത്ഭുത ഹസ്തങ്ങൾ നീട്ടി ആത്മജനായ യേശുക്രിസ്തു തൻഹിതപ്രകാരം ജീവിതത്തിന്റെ വിവിധ തലങ്ങളിൽ നിന്നുമുള്ള വ്യക്തികളെ വേർതിരിച്ചു വിളിച്ചു വല്ലോ? ഇതിന് അനുകരണാർഹമായ അത്യന്തം ആനന്ദകരമായ പല തെളിവുകളും പുതിയ നിയമത്തിൽ കാണാവുന്നതാണ്. സക്കായി, ചുങ്കക്കാരൻമത്തായി, ശൗൽ എന്ന പൌലൊസ് മുതലായവരെ അവന്റെ വേലയ്ക്കായി വിളിച്ചുവല്ലോ? പാപികളെയാണ് കർത്താവായ യേശുക്രിസ്തു അധികമായി ക്ഷണിക്കപ്പെട്ടത്. തന്റെ വാമൊഴിയാൽ പ്രവചിച്ചൊരു വാക്യം ഇപ്രകാരമുണ്ട്.

(ശേഷം 19-ാം പേജിൽ)

# സഭകളും സഭാദ്ധ്യക്ഷന്മാരും

## ജെ. ഫ്രാൻസിസ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ഫലം. ദൈവം മനുഷ്യനെ സന്താനപുഷ്ടിയുള്ളവരാകുവാൻ അനുഗ്രഹിച്ചിരിക്കുന്നു. അതിനാൽ ഓരോ ദൈവങ്ങളാകുന്ന മനുഷ്യനും ഒന്നോ ഒന്നിൽ കൂടുതലോ ഭാര്യമാർ ഉണ്ടായിരിക്കണം.

**(The Seer- Vol· I· page 158)**

ഈ നിയമം അനുസരിക്കുവാൻ എല്ലാവരും കടപ്പെട്ടിരിക്കുന്നു. അനുസരിക്കാത്തവർ ശപിക്കപ്പെട്ടവരാണു്. ഈ നിയമം ആർക്കും നിഷേധിക്കുവാനോ നിരസിക്കുവാനോ സാദ്ധ്യമല്ല. മഹത്വത്തിൽ പ്രവേശിക്കുന്ന ഏവർക്കും ഇതു ബാധകമാണ്.

**(Doc & Cov: Sec: 132:3,4,6).**

പൗരോഹിത്യ നിയമം അനുസരിച്ച് ഏതെങ്കിലും പുരുഷനു ഈ നിയമത്താൽ പത്തു കന്യകകളെ നൽകപ്പെടുന്നുവെങ്കിൽ അവനു അവരോടു വ്യഭിചാരം ചെയ്യുവാൻ സാധിക്കുകയില്ല. എന്തുകൊണ്ടെന്നാൽ അവർ അവനു ഉള്ളതാകുന്നു.

**(Doc & Cov: Sec 132: 61,62).**

ബൈബിൾ—

1 പുരുഷൻ ഭാര്യയോടു പററിച്ചേരും, ഭാര്യമാരോടല്ല. (ഉല്പ: 2:24).

2 ക്രിസ്തുവിനു ഒരു സഭ മാത്രം ഉള്ളതിനാൽ പുരുഷനു ഒരു ഭാര്യ മാത്രമേ ഉണ്ടാകാവൂ. (എഫേ: 4:23–33).

3 സഭാദ്ധ്യക്ഷന്മാർ ഏക ഭാര്യയുടെ ഭർത്താവായിരിക്കണം. (1തിമോ: 3:2).

4 കൊലപാതകിയായ ലാമെക് ഉത്ഭവിച്ചത് ബഹുഭാര്യാത്വത്തിൽ നിന്നാണ്- (ഉല്പ: 4:19-24)

### കൂദാശ

കർത്താവിന്റെ അത്താഴത്തിൽ മുന്തിരിച്ചാറിനുപകരം വെള്ളം ഉപയോഗിക്കണം.

ബൈബിൾ—

മുന്തിരിച്ചാറ് എല്ലായ്പ്പോഴും ഉപയോഗിച്ചിരുന്നു. (മത്താ: 26: 26-29; മർക്കൊ 14: 22-25; 1കൊരി: 11: 20-34).

## പേരു്

വിശുദ്ധന്മാർ, മോർമോൺ എന്നീ മററു പേരുകൾ വഹിക്കുന്നതു ദൈവികമാണ്.

ബൈബിൾ—

1 ആദവും അവന്റെ ഭാര്യയും അവസാനം വരെ അതേ നാമങ്ങൾ തന്നെയാണു വഹിച്ചിരുന്നത് (ഉല്പ: 5:2)

2 ആദം ക്രിസ്തുവിന്റെ പ്രതീകമാകുന്നു. (റോമ: 5:14)

3 ഒരേനാമം അവസാനംവരെ വഹിച്ചിരുന്ന ആദവും അവന്റെ ഭാര്യയും ക്രിസ്തുവിന്റെയും അവന്റെ ഭാര്യയായ സഭയുടെയും പ്രതീകമാകുന്നു. അതിനാൽ അവരും അതേ നാമം അവസാനം വരെ വഹിക്കണം.

4 ദൈവ ജനത്തിനു ഒരു പുതിയ നാമം നൽകപ്പെടുമെന്നു പ്രവചിച്ചിരുന്നു. (യെശ: 62: 1,2)

5 പ്രവചനം പൂർത്തീകരിക്കപ്പെട്ടു. (അ: പ്ര:2: 1-47; 10: 1-48; 11:1) രക്ഷ യരുശലേമിൽനിന്നു പുറപ്പെട്ടപ്പോഴും ജാതികൾ അവന്റെ നീതിയെ കണ്ടപ്പോഴും പ്രവചനം പൂർത്തീകരിക്കപ്പെട്ടു.

6 ക്രിസ്ത്യാനിയെന്ന പുതിയ നാമം നൽകപ്പെട്ടു. (അ: പ്ര: 11: 25, 26).

7 ക്രിസ്തുവിന്റെ അനുയായികൾ ആ നാമം ധരിച്ചിരുന്നതായി അഗ്രിപ്പ, രാജാവ് അറിഞ്ഞു (അ: പ്ര: 26: 28).

8 നാം ക്രിസ്തുവിനോടു വിവാഹിതരായിരിക്കുന്നു. ഇതു വിവാഹബന്ധം മാത്രമേ കാണിക്കുന്നുള്ളു. (യോഹ: 3:29; റോമ: 7:4).

9 ക്രിസ്ത്യാനിയെന്ന നാമത്തിൽ നാം വേദന സഹിക്കേണ്ടതാകുന്നു. (1 പത്രൊ: 4:16)

10 ഇരു ലോകത്തിലും ക്രിസ്തുവിന്റെ നാമം നാം വഹിക്കേണ്ടതാകുന്നു. (വെളി: 22:4)

11 മറെറാരു നാമത്തിലും രക്ഷ വാഗ്ദാനം ചെയ്യപ്പെടുന്നില്ല. (അ: പ്ര: 4:12)

## റസലിസം

ഇതും ഒരു സഭാ വിഭാഗമാകുന്നു. യൂണിവേഴ്സലിസം, യൂണിറ്റേറിയനിസം, അഡ്വെൻഡിസം, മെറ്റീരിയലിസം എന്നിവയുടെ ഒരു മിശ്രിതമാകുന്നു ഇത്. വിവിധ മതചാപല്യങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് ചാൾസ് റ്റി. റസ്സൽ ഇതിനു ആരംഭമിട്ടു. അദ്ദേഹം പൊതുവേ പാസ്റ്റർ റസ്സൽ എന്ന നാമത്തിലാണു അറിയപ്പെട്ടത്. അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ "Millennial Dawn" എന്ന പുസ്തകത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടു. പിന്നെ അവയെല്ലാം "Studies in Scriptures" (ദൈവിക വചനങ്ങളിലുള്ള പഠനങ്ങൾ) എന്ന തലക്കെട്ടിനു കീഴിൽ കൊണ്ടുവന്നു. അദ്ദേഹത്തിന്റെ എഴുത്തുകൾ മിക്കതും യഥാർത്ഥ ദൈവവചനങ്ങൾക്കു എതിരായിരുന്നു. ആദ്യനോട്ടത്തിൽ അവയെല്ലാം ന്യായ യുക്തമാണെന്നു തോന്നാമെങ്കിലും വിശകലനത്തിൽ അവയെല്ലാം സത്യത്തെ വഞ്ചിക്കുന്നതായി മനസ്സിലാക്കുവാൻ കഴിയും: തന്റെ പുസ്തകങ്ങളുടെ വില്പനയിൽനിന്നും അദ്ദേഹം ഒരു വലിയ ധനവാനായി തീർന്നു.

ഒരു മനുഷ്യനെന്ന നിലക്കു ശ്രീ. റസ്സലിന്റെ സ്വഭാവം ആത്മപ്രശംസ അർഹിക്കുന്ന ഒന്നു മാത്രമാണ്. സ്വന്ത ഭാര്യയിൽ കാപട്യം നിലനിർത്തുന്നതിനു അദ്ദേഹം ശ്രമിച്ചുവെന്നു പെൻസിൽവാനിയ കോടതി വിധിച്ചു. വിവാഹ മോചനത്തിനായി ഭാര്യ കേസ് കൊടുത്തപ്പോൾ പണമില്ലായെന്ന അദ്ദേഹത്തിന്റെ വാദം കോടതി അപ്പാടെ നിരസിച്ചു. അദ്ദേഹം പ്രസിഡൻറായിരുന്ന Watch Tower Bible and tract Society യ്ക്കു 17000 പൗണ്ട് തദവസരത്തിൽ സംഭാവനയായി നൽകുകയുണ്ടായി. ഭാര്യക്കു ജീവനാംശം നൽകുന്നതിൽ നിന്നും സ്വയം ഒഴിഞ്ഞുമാറുക എന്നതായിരുന്നു അദ്ദേഹത്തിന്റെ വാദമുഖത്തിന്റെ ഉദ്ദേശം. മററു സ്ത്രീകളുമായുള്ള ബന്ധവും മനുഷ്യത്വപരമല്ലാത്ത സ്വഭാവവുമാണ് ഭാര്യ അദ്ദേഹത്തിൽ നിന്നും വിവാഹമോചനം നേടാൻ ഇടയാക്കിയത്. സ്വന്തം സ്വഭാവത്തെ കുറിച്ചു കോടതിമുമ്പാകെ സ്വയം സമർപ്പിച്ചമൊഴി കോടതി ഇപ്രകാരം രേഖപ്പെടുത്തുകയുണ്ടായി. "ഞാൻ ഒരു കടൽച്ചൊറി പോലെയാകുന്നു. ഞാൻ ഇവിടെയും അവിടെയും ഒഴുകി നടക്കുന്നു. ഞാൻ ഇതിനെയും അതിനെയും തൊടുന്നു. അവൾ പ്രതികരിക്കുന്നുവെങ്കിൽ ഞാൻ അവളെ സ്വീകരിക്കുന്നു. ഇല്ലെങ്കിൽ ഞാൻ മററു സ്ത്രീകളിലേക്കു ഒഴുകുന്നു." ഈ മൊഴികളിൽനിന്നും അദ്ദേഹത്തിന്റെ സ്വഭാവം നമുക്കു സ്വയം മനസ്സിലാക്കുവാൻ സാധിക്കും.

യേശുക്രിസ്തുവും അപ്പോസ്തലൻമാരും 1874 ഒക്ടോബർ മാസത്തിൽ ഈ ലോകത്തിൽ വന്നുവെന്നും അതിനുശേഷം അവർ

ഇവിടെ തന്നെ വസിക്കുന്നുവെന്നും പാസ്റ്ററർ റസ്സൽ പ്രഖ്യാപിച്ചു. കാലങ്ങളുടെ പൂർത്തീകരണം 1914-ൽ സംഭവിക്കുമെന്നു അദ്ദേഹം കാലേക്കൂട്ടി പ്രവചിച്ചു.

## റസ്സലിന്റെ പഠനങ്ങൾ

**Millennial Dawn** എന്ന പുസ്തകത്തിലെ വചന പഠനങ്ങളുടെ സഹായം കൂടാതെ ഒരാൾക്കും സത്യവെളിച്ചം ഉണ്ടായിരിക്കുകയില്ല. **(Watch Tower, Sept' 15, 1910 Page 298)**

ബൈബിൾ—

1 ദൈവവചനം ദീപവും പ്രകാശവുമാകുന്നു. (സങ്കീ:119:105)

2 ദൈവ മനുഷ്യൻ പരിപൂർണ്ണനാകുന്നതിന്നു ബൈബിൾ മാത്രം മതിയാകുന്നു (2തിമോ: 3: 16,17).

## ദൈവം

ദൈവത്തിൽ ഒരു വ്യക്തി മാത്രമേയുള്ളു. **(Watch Tower, Vol 5, Page 166)**.

ബൈബിൾ—

1 സ്നാനം മൂന്നു വ്യക്തിത്വമുള്ളവരുടെ പേരിലാകുന്നു (മത്താ: 28:19).

2 ദൈവത്തിലുള്ള മൂന്നു വ്യക്തികളെയും കുറിച്ചു ക്രിസ്തു പഠിപ്പിച്ചു. (യോഹ: 14:15,16;26;15:26).

## ക്രിസ്തു

1 ക്രിസ്തു ഈ ലോകത്തിൽ വരുന്നതിനുമുമ്പു സൃഷ്ടിക്കപ്പെട്ട ഒരു മാലാഖ ആയിരുന്നു **(Vol 5; page 84)**,

ബൈബിൾ—

1 ദൈവദൂതൻമാരേക്കാൾ വിശിഷ്ടത ക്രിസ്തുവിനായിരുന്നു (1 എബ്രാ: 1—8).

2 ക്രിസ്തു സൃഷ്ടിക്കപ്പെട്ടവനല്ല. ആദിയിൽ അവൻ ഉണ്ടായിരുന്നു (യോഹ:1:1-3; 8:58; വെളി: 1:8; 21:6;22:13).

II മാനുഷികവും ദൈവീകവുമായ രണ്ടു സ്വഭാവങ്ങളുടെ മിശ്രിതമല്ലായിരുന്നു ക്രിസ്തു **(Vol 1: Page 179)**

ബൈബിൾ—

1 ദൈവം താല്ക്കാലികമായി ജഡത്തിൽ വസിക്കുമെന്നു പ്രവചിച്ചിരുന്നു. (യെശ:7:14; മത്താ:1:23)

2 യേശു പരിശുദ്ധാത്മാവിനാൽ മറിയയിൽ ജനിപ്പിക്കപ്പെട്ടു. മാനുഷികവും ദൈവീകവുമായ രണ്ടു പ്രകൃതങ്ങളാണ് ഇതു കാണിക്കുന്നത് (മത്താ:1:18-20).

3 ക്രിസ്തു മനുഷ്യസാദൃശ്യത്തിൽ അവതരിച്ചു. (ഫിലി: 2:6 7; എബ്രാ: 2:16)

4 ക്രിസ്തു മനുഷ്യനും ദൈവവുമായിരുന്നു. (യോഹ: 1:1,2,14; 16:28; 1തിമോ:3:16)

5 പത്രോസ് അവനെ ദൈവപുത്രനായി ഏറ്റുപറഞ്ഞു. (മത്താ:16:16)

6 ക്രിസ്തു ജഡത്തിൽ വന്നുവെന്നു ഏറ്റു പറയാത്തവൻ വഞ്ചകനും ദൈവത്തിൽ നിന്നുള്ളവനുമല്ല.
(1 യോഹ:4:3; 2 യോഹ 7)

III മനുഷ്യവർഗ്ഗത്തിന്റെ പാപത്തിനായി ക്രിസ്തു പ്രായശ്ചിത്തം ചെയ്തിട്ടില്ല. (Vol: 5:95)
ബൈബിൾ—1
ക്രിസ്തു പാപങ്ങളെ നീക്കിക്കളഞ്ഞു. യോഹ: 1:29 മത്താ: 10:28; റോമ:5:11: എബ്രാ:10:3.14)

IV ക്രിസ്തുവിന്റെ ശരീരം മരണത്തിൽ നിന്നും ഉയർത്തെഴുന്നേററിട്ടില്ല. അടക്കം ചെയ്ത ശരീരത്തിനു എന്തു സംഭവിച്ചുവെന്നു ആർക്കും അറിഞ്ഞുകൂടാ **(Vol 2: Page 125–130)**
ബൈബിൾ—1
അവൻ അവന്റെ ശരീരത്തെ ഉയർപ്പിക്കുമെന്നു യേശു പറഞ്ഞു (യോഹ: 2:19-22)

2. ഉയർത്തെഴുന്നേററ അവന്റെ ശരീരം യേശു തോമസ്സിന് കാണിച്ചുകൊടുത്തു (യോഹ: 20:24-28)

V ക്രിസ്തു എന്നന്നേക്കുമായി മരിച്ചു **(Vol 5: Page 443)**
ബൈബിൾ—1
ക്രിസ്തു ഉയർത്തെഴുന്നേല്ക്കപ്പെടുമെന്ന് പ്രവചിച്ചിരുന്നു (സങ്കീ: 16:10)

2 മരണത്തിൽ നിന്നു ക്രിസ്തു ഉയർത്തെഴുന്നേററുവെന്നു പത്രോസ് പറഞ്ഞു (അ: പ: 2:30,31)

3 അനേക ദൃഷ്ടാന്തങ്ങളാൽ മരണത്തിനുശേഷം താൻ ജീവിച്ചിരിക്കുന്നുവെന്നു ക്രിസ്തു കാണിച്ചുകൊടുത്തു.
(അ: പ:1:1–3).

4 അനേക സഹോദരങ്ങൾ ക്രിസ്തു മരിച്ചതിനു ശേഷം ജീവനോടിരിക്കുന്നതായി കണ്ടു (1 കൊരി:15:1-8)

VI യേശു ഉയർത്തെഴുന്നേൽക്കുന്നതിനു മുമ്പും പിമ്പും ദൈവമല്ലായിരുന്നു (Vol 1: Page 179)
ബൈബിളം—1
ക്രിസ്തു എപ്പോഴും ദൈവമായിരുന്നു; (യോഹ: 1:1-3:17:5)

2 ക്രിസ്തു ദൈവത്തിനു തുല്യനാകുന്നു (ഫിലി:2:6)
3 ക്രിസ്തുവും ദൈവവും ഒന്നാകുന്നു. (യോഹ:14:11;17:21)

VII ഉയർത്തെഴുന്നേല്പിനുശേഷം ക്രിസ്തു ഒരിക്കലും അതേ വ്യക്തി ആയിരുന്നില്ല.
ബൈബിളം-
ഉയർത്തെഴുന്നേല്പിനു ശേഷവും അവൻ അതേ വ്യക്തി തന്നെയാണെന്നു ബൈബിളം പറയുന്നു.
(അ;പ്ര;1:11; എഫേ:4;10; എബ്രാ:10:12)

VIII ക്രിസ്തു ഒരു മദ്ധ്യസ്ഥനല്ല (Watch Tower Sept 15, 1909, Page 283)

ബൈബിളം.-ക്രിസ്തു നമ്മുടെ മദ്ധ്യസ്ഥനാകുന്നു.
(1 തിമോ: 2:5; എബ്രാ. 9;15: 1 യോഹ: 2:1)

## പരിശുദ്ധാത്മാവ്

I നമ്മുടെ പിതാവായ ദൈവത്തിൽ പ്രയോഗിക്കപ്പെടുന്ന ശക്തിയെ അല്ലെങ്കിൽ സ്വാധീനത്തെയാണ് പരിശുദ്ധാത്മാവ് എന്നു പറയുന്നത്. (Vol 5, Page 165)
ബൈബിളം-1
പരിശുദ്ധാത്മാവ് ദൈവത്തിന്റെ ഒരു ഭാഗമാകുന്നു.
(മത്താ; 3:16,17;28:19)
2 പരിശുദ്ധാത്മാവിനെ ദൈവമെന്നു വിളിക്കുന്നു.
(അ: പ്ര:5:3,4)
II പരിശുദ്ധാത്മാവ് വ്യക്തിത്വമുള്ളതല്ല (Vol 5. Page 165)
ബൈബിളം-1
അവനു പഠിക്കുവാൻ കഴിയും (യോഹ: 14:26)
2 അവന് സംസാരിക്കുവാൻ കഴിയും (അ: പ്ര(8;29; 10;19,20)
3 അവനു സാക്ഷി പറയുവാൻ കഴിയും (യോഹ:15:26)

4 അവൻ സുവിശേഷ ജോലി ചെയ്യേണ്ട സ്ഥലങ്ങളം തിരഞ്ഞെടുക്കുകയും പ്രാസംഗികരെ അയക്കുകയും ചെയ്തിരുന്നു. (അ: പ്ര: 13:2.16:6-10) ഇതെല്ലാം വ്യക്തിത്വത്തിന്റെ ലക്ഷണങ്ങളം ആണ്.

(ശേഷം അടുത്ത ലക്കത്തിൽ)

(12-ാം പേജിന്റെ തുടർച്ച)

ഞാൻ നീതിമാൻമാരെ അല്ല പാപികളെ അത്രേ വിളിപ്പാൻ വന്നത്. (മർക്കൊസ് 2:17).

പാപത്തിന്റെ ചെളിക്കുണ്ടിൽ കിടന്നിരുന്ന ഓരോ പാപിയുടെയും പ്രാർത്ഥന സത്യവാനും സർവ്വശക്തനുമായ ദൈവം കേൾക്കുകയും അവർക്കു രക്ഷിക്കപ്പെടുവാനുള്ള അവസരം അവൻ ഒരുക്കുകയും ചെയ്യും. നീതിമാൻ ആരുമില്ല. ഒരുത്തൻ പോലുമില്ല. റോമർ 3:10. എന്നുള്ള സുവാർത്താവാക്യം ഇവിടെ പ്രധാനമായും പ്രതിഫലിപ്പിക്ക മാത്രമാണ് ചെയ്യപ്പെടുന്നത്. ഓരോ വ്യക്തിയുടെ ആവശ്യങ്ങൾ അവനറിയുന്നതിനുമുമ്പേ നിസ്തുല്യനായ ദൈവം അറിയുന്നു. അവിശ്വാസത്തോടെ അല്ല വിശ്വാസത്തോടു കൂടിയ പ്രാർത്ഥന, നീ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന് വാതിൽ അടച്ച് രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്ക. രഹസ്യത്തിൽ കാണുന്ന പിതാവ് നിനക്കു പ്രതിഫലം തരും. (മത്തായി: 6:6). പാപത്തിന്റെ അന്ധകാര അബ്ധിയിൽനിന്നു കരകയററുവാൻ ഭൂവനത്തിൽ ഭൂജാതനായ യേശുക്രിസ്തു നിസ്തുല്യമായ സ്നേഹത്തിൽ കൂടി. ഭൂമിയുടെ വിവിധ കോണുകളിൽ നിന്ന്. ദൈവത്തിന്റെ വചനമാകുന്ന ബൈബിൾ സത്യങ്ങൾ തുറന്ന് കേൾപ്പിക്കുവാൻ ആചാര്യൻമാരിൽ കൂടി ഇതാ അവൻ വിളിക്കുന്നു. ആ വിളി വിശാലമായ വാരിദങ്ങളിൽ മുഴങ്ങി കേൾക്കുവാൻ നിങ്ങൾക്ക് കഴിയും. ആഴത്തിൽ നിന്ന് ഞാൻ നിന്നോടു നിലവിളിക്കുന്നു, കർത്താവേ എന്റെ പ്രാർത്ഥന, കേൾക്കേണമേ നിന്റെ ചെവി എന്റെ യാചനകൾക്കു ശ്രദ്ധിച്ചിരിക്കേണമേ. സങ്കീർത്തനം. 130: 1—2.

# മനുഷ്യർ ഒരുക്കമുള്ളവർ ആയിരിക്കേണം

## വിഴവൂർ വിജയരാജൻ

പ്രതീക്ഷിച്ചിരിക്കാതെ ഉണ്ടാകുന്ന സംഭവങ്ങളെ ബുദ്ധിപൂർവ്വം നേരിടുവാൻ വേണ്ടതായ മുൻകരുതലുകൾ ചെയ്യുന്നതായ മനുഷ്യർ ധാരാളമുണ്ട്. വരുമാനത്തിന്റെ ഒരംശം നിനച്ചിരിക്കാതെ ഉണ്ടാകുന്ന ആവശ്യങ്ങൾക്ക് വേണ്ടി കരുതുന്നതും, ഭാവിസുരക്ഷി

തത്വത്തിനും, സുരക്ഷിതതത്വങ്ങൾക്കും വേണ്ടി നിക്ഷേപിക്കുന്നത്, സാധാരണ ബുദ്ധിക്കനുസരണമായി ഭാവിക്കു വേണ്ടിയുള്ള മുതൽ കൂട്ടുകളാകുന്നു.

എന്നാൽ ഭാവിയോടുള്ള ബന്ധത്തിൽ മനുഷ്യന്റെ ഏററവും വലിയ ഒരുക്കം തന്റെ ആത്മ രക്ഷയ്ക്ക് വേണ്ടിയുള്ളത് ആയിരിക്കേണ്ടതാകുന്നു. ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ടും തന്റെ ജീവനെ (ആത്മാവിനെ) നഷ്ടമാക്കിയാൽ അവന് എന്തു പ്രയോജനം? യേശുക്രിസ്തുവിന്റെ പ്രബോധനം ആത്മരക്ഷയെ ചിന്തിക്കാൻ കഴിവുള്ള ഏതൊരു വ്യക്തിയും ബോധപൂർവ്വം സ്വീകരിക്കേണ്ടതാകുന്നു.

മനുഷ്യനെ പാപത്തിന്റെ കുററത്തിൽ നിന്നും, ശിക്ഷയിൽ നിന്നും, വീണ്ടെടുക്കേണ്ടതിന് വേണ്ടതെല്ലാം—ദൈവം താൻ തന്നെ ചെയ്തുകഴിഞ്ഞു. യേശുക്രിസ്തു പാപ പരിഹാരത്തിനായുള്ള തന്റെ മരണത്തിലും—ഉയർത്തെഴുന്നേൽപ്പിലും വിശ്വസിക്കുകയും (ആശ്രയിക്കുകയും) പാപങ്ങളെ—അനുതാപത്തോടെ ഏററു പറഞ്ഞ് ഉപേക്ഷിച്ചുകൊണ്ട്, യേശുവിനെ ഏററു പറഞ്ഞ് പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനമേല്ക്കുന്ന ഏതൊരു വ്യക്തിക്കും—'സൗജന്യമായിട്ടും,' സൗഭാഗ്യമായിട്ടും, പാപമോചനവും, ആത്മരക്ഷയും-ലഭിക്കുന്നു. എന്നാൽ ഒന്നുകിൽ മനുഷ്യന്റെ മരണം വരെ അല്ലെങ്കിൽ സമീപിച്ചിരിക്കുന്ന യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവുവരെയുള്ള കാലഘട്ടത്തിൽ മാത്രമെ ആത്മരക്ഷ പ്രാപിക്കാൻ സാധ്യമാകുകയുള്ളു. കാരണം ഇത് അവസാന കാലമാണ്. അതുകൊണ്ടു എല്ലാവരും യേശുവിന്റെ രണ്ടാമത്തെ വരവിനുവേണ്ടി ഒരുക്കത്തോടെ ഇരിക്കേണ്ടതാകുന്നു-എന്നുള്ള യേശുക്രിസ്തുവിന്റെ പ്രബോധനം—എല്ലാവരും ശ്രദ്ധയോടെ അനുസരിക്കേണ്ടതാകുന്നു.

ആത്മരക്ഷ പ്രാപിച്ചവരും പ്രാപിക്കാത്തവരും തമ്മിൽ വ്യക്തമായി രണ്ട്പക്ഷമായി തിരിക്കപ്പെടുന്ന ഒരു സംഭവമാണ്-യേശുവിന്റെ രണ്ടാമത്തെ വരവ്—:

അത് എപ്പോഴാകുന്നു എന്നത് മനുഷ്യന് പറയുവാൻ അസാധ്യമാകുന്നു—:യേശുവിന്റെ വരവിന്റെ ആ ദിവസം ഏററവും ആസന്നമാകുന്നു എന്ന അറിയിപ്പ്—ലോക സംഭവങ്ങൾ-വിളിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നു. "യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിങ്കൽ അവന്റെ ആത്മാവുള്ള, യഥാർത്ഥമായ അനുയായികൾ—അവനോട് കൂടെ ചേർക്കപ്പെടുകയും, സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുകയും ചെയ്യും.

എന്നാൽ നാമം മാത്രമുള്ള ക്രിസ്ത്യാനികളും മതഭക്തൻമാരും മതവൈരാഗ്യമുള്ളവരുമായ ഒരു വലിയ വിഭാഗം പുറന്തള്ളപ്പെടും. പാപങ്ങളുടെ പരിഹാരത്തിന് വേണ്ടി യേശുക്രിസ്തു കാൽവരിയിലെ കുരിശിൽ സാധ്യമാക്കിയ പാപപരിഹാരത്തിൽ വ്യക്തിപരമായി അഭയം പ്രാപിച്ച് പാപങ്ങളിൽനിന്നു മാനസാന്തരപ്പെട്ട് ഉപേക്ഷിച്ച് യേശുക്രിസ്തുവിനെ കർത്താവും ദൈവപുത്രനുമെന്ന് ഏററുപറഞ്ഞ് സ്നാനമേററ് ദൈവാത്മാവിനെയും നിത്യജീവനേയും—പ്രാപിക്കാത്തതിനാലാണ്, അവർ പുറന്തള്ളപ്പെടുന്നത്. അതേസമയം ആത്മരക്ഷ പ്രാപിക്കുന്നതിനായുള്ള, സുവിശേഷസന്ദേശങ്ങൾ മൂലമുള്ള, ദൈവത്തിന്റെ വിളിയെ തള്ളിക്കളയുന്ന ജനലക്ഷങ്ങൾ ആത്മരക്ഷ പ്രാപിക്കാതെ നിത്യമായ നാശത്തിനും ശിക്ഷാവിധിക്കുമായി ഉപേക്ഷിക്കപ്പെടും.

ആരും നിനച്ചിരിക്കാത്ത സമയത്തും രീതിയിലുമായിരുന്നു- നോഹയുടെ കാലത്ത് ജലപ്രളയം ഉണ്ടായത്; നോഹയും കുടുംബവും ദൈവത്തെ അനുസരിച്ച് രക്ഷ പ്രാപിച്ചു. മനുഷ്യവർഗം ഒന്നടങ്കം ചത്തൊടുങ്ങി. അതുപോലെ തന്നെയാണ് യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവും, നിനച്ചിരിക്കാത്ത നാഴികയിലായിരിക്കും.

“കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി വരികയും, ക്രിസ്തുവിൽ മരിച്ചവർ മുൻപെ ഉയർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നമ്മൾ അവരോട് ഒരുമിച്ച്, ആകാശത്തിൽ കർത്താവിനെ എതിരേൽക്കാൻ മേഘങ്ങളിൽ എടുക്കപ്പെടും.

പ്രിയസ്നേഹിതരേ യേശുക്രിസ്തുവിന്റെ വരവിങ്കൽ അവനോട് കൂടെ ചേർക്കപ്പെട്ട് സ്വർഗ്ഗത്തിന്റെ അവകാശികളായി, സ്വർഗ്ഗത്തിൽ (നിത്യതയിൽ) സന്തോഷിക്കാൻ തക്കവണ്ണം നിങ്ങളുടെ ജീവിതത്തെ ക്രമീകരിക്കുവാൻ, ബദ്ധപ്പെട്ടുകൊണ്ടിരിക്കേണ്ടതാകുന്നു. അനുതാപത്തോടും മാനസാന്തരത്തോടും യേശുക്രിസ്തുവിനെ ഏററു പറഞ്ഞ് പാപമോചനത്തിനായി 'സ്നാനമേററ് ദൈവമക്കളായി തീരുക—അവൻ നിങ്ങളെ അവന്റെ സഭയിലേക്കു ചേർക്കും.

# കാത്തിരിപ്പൂ!

കെ. ആർ. ബോസ്

നിൻസൃഷ്ടിയാം താരകങ്ങൾ........
കൺചിമ്മി തുറക്കുന്നു രാവിൽ !
ഒളിച്ചുവയ്പൂ....
താരയുദ്ധത്തിനായ്,
താരകങ്ങൾക്കിടയിൽ–!
നിൻസൃഷ്ടിയാം മക്കളെ....
പിച്ചിച്ചീന്തും,
രക്തക്കൊതിപൂണ്ട ചെന്നായ്ക്കൾ !!
ആർത്തട്ടഹസിക്കുന്നു വിറപൂണ്ട്
ബാബേൽ ഗോപുരം മെനഞ്ഞെടുത്തവർ !
അതികഠിനം ഭീകരം.......
വിറപൂണ്ട അധരത്താൽ........
യാചിച്ചു നിൽപൂ....!!
പ്രിയനാം നാഥാ കാത്തീടുക–!
കാലമായ് താതന്റെ വരവിനായ്....
ഈ നിമിഷത്തെ കാത്തിരുന്നവർ....
നിദ്രപൂണ്ടു അങ്ങയുടെ ഭവനത്തിൽ....
അങ്ങ് ഉഴറിയലഞ്ഞുവല്ലോ?....
ദാഹശമനത്തിനായ്....
ശമര്യായുടെ കിണററിൻ അരുകിൽ...!
ഇന്നിതായാചിപൂ–!
ആ വലിയ ആശ്വാസത്തിനായ്....
നിൻസൃഷ്ടിയാം വായുവും ജലവും–
വററിവരണ്ടു....
നികൃഷ്ടനാം....
മനുഷ്യന്റെ മൂഢതയിൽ....
ഇവർ ചെയ്യുന്നത്,
എന്തെന്ന്....
അറിയായ്കയാൽ മാപ്പേകുക–!
കാലമായ് താതന്റെ വരവിനായ് !!

**

(10—ാം പേജിന്റെ തുടർച്ച)

ച്ചു കാണിച്ചിരിക്കുന്നു (എഫെ: 5;23), (1;20-23), (കൊലൊ: 1:18). മാത്രമല്ല, "നാം അവന്റെ ശരീരത്തിന്റെ (സഭയുടെ) അവയവങ്ങളല്ലോ. അതു നിമിത്തം ഒരു മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പററിച്ചേരും; ഇരുവരും ഒരു ദേഹം (ശരീരം) ആയിത്തീരും. ഈ മർമ്മം വലിയതു; ഞാൻ ക്രിസ്തുവിനെയും സഭയെയും ഉദ്ദേശിച്ചത്രേ പറയുന്നതു." എന്നും പഠിപ്പിക്കുന്നു (എഫെ: 5;23-32), (1കൊരി: 12:12-27). ഇതിന്റെയർത്ഥമോ, ഒരുവൻ വിവാഹം കഴിച്ചാൽ അവൻ അവന്റെ അപ്പനെയും അമ്മയെയുംവിട്ടു അവന്റെ ഭാര്യയോടു പററിച്ചേർന്നു ഇരുവരും ഒന്നായിത്തീരുന്നതു പോലെ മററെല്ലാം ഉപേക്ഷിച്ചു ഒരുവൻ ക്രിസ്ത്യാനിയാകുമ്പോൾ ക്രിസ്തുവിന്റെ സഭയാകുന്ന ശരീരത്തോടു പററിച്ചേർന്നു ഒരു ശരീരമായി രൂപം പ്രാപിക്കുന്നു എന്നാണു. ഇക്കാരണത്താലാണു "എന്നാൽ ഏതു പുരുഷന്റെയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയേണം എന്നു ഞാൻ ആഗ്രഹിക്കുന്നു." എന്നു പ്രബോധിപ്പിക്കുന്നതു (1കൊരി: 11;3).

ഏതു മതത്തിൽ നിന്നോ, ഏതു സമുദായത്തിൽ നിന്നോ, സ്ത്രീയാകട്ടെ, പുരുഷനാകട്ടെ, അവർ ക്രിസ്തുവിന്റെ സഭയിലായാൽ തുടർന്നു അവർ ഏതു മതമെന്നോ, ഏതു സമുദായമെന്നോ, സ്ത്രീയെന്നോ പുരുഷനെന്നോ, ഉള്ള വ്യത്യാസമില്ലാതെ എല്ലാവരും ക്രിസ്തു യേശുവിൽ ഒന്നാകുന്നു എന്നാണ് മേൽ വിവരിച്ചതിന്റെ അർത്ഥം (ഗലാ: 3:26-29), (യോഹ: 17:17—23), (കൊലൊ.3:5—11). (1പത്രോ: 2:9-10) ലളിതമായി പറഞ്ഞാൽ പിതാവായ ദൈവവും, പുത്രനായ ക്രിസ്തുവും ഒന്നു (യോഹ: 10:30). അതുപോലെ തന്നേ ദൈവവും, ക്രിസ്തുവും, അവന്റെ ശരീരമാകുന്ന സഭയും ഒന്നു. (എഫെ: 4:4), ഇത്രയും വ്യക്തമായി ക്രിസ്തുവിന്റെ സഭയെക്കുറിച്ചും, ആ സഭയുടെ മാഹാത്മ്യത്തെക്കുറിച്ചും (1 പത്രോ: 2:9—10), ഏകത്വത്തെക്കുറിച്ചും, തിരുവചനം പഠിപ്പിക്കുമ്പോൾ മാനുഷ നിർമ്മിതമായ സമുദായ സംഘടനകൾ "ഞങ്ങളും ക്രിസ്തുവിന്റെ സഭ തന്നേ" എന്നു അവകാശപ്പെടുമ്പോൾ അവരുടെ ജ്ഞാനികളുടെ ജ്ഞാനം നശിച്ചതായും, ബുദ്ധിമാന്മാരുടെ ബുദ്ധിമറഞ്ഞു പോയതായും വെളിപ്പെടുന്നു. (യെശ: 29; 13—15), 1കൊരി: 1:18—20), (ഗലാ: 1:6—10).

എന്നാൽ "എന്റെ സഭ" എന്നു ക്രിസ്തു പറഞ്ഞ അവന്റെ സഭയിലെ ഒരംഗമായിത്തീരുവാൻ നാം എന്തു ചെയ്യണം? അതിന് നാം രക്ഷിക്കപ്പെടണം. എന്തുകൊണ്ടെന്നാൽ കർത്താവ് സഭയോടു ചേർക്കുന്നത് രക്ഷിക്കപ്പെടുന്നവരെയാണു (പ്രവൃ: 2:47), എന്നാൽ

രക്ഷിക്കപ്പെടുന്നതു എപ്രകാരമാണെന്നു നാം ബോധപൂർവ്വം മനസ്സിലാക്കിയിരിക്കേണ്ടതാണു. ക്രിസ്തു ഉയിർത്തെഴുന്നേററ ശേഷമുള്ള ആദ്യത്തെ പെന്തെകോസ്തു ദിവസത്തിൽ യെരൂശലേമിൽ വച്ച് യേശുക്രിസ്തു തന്റെ അപ്പോസ്തലന്മാർക്കു ദൈവത്തിന്റെ വാഗ്ദത്തമായ പരിശുദ്ധാത്മ സ്നാനം നല്കുകയും ദൈവം ഒന്നാമതായി അവരെ സഭയിൽ നിയമിക്കയും ചെയ്തു (പ്രവൃ; 2:1–4), (1കൊരി: 12:28). ക്രിസ്തു തന്റെ ആദ്യസഭ യെരൂശലേമിൽ പണിതു എന്നും ആ സഭ അപ്പോസ്തലന്മാരായിരുന്നു എന്നും ഇതിൽ നിന്നും തെളിയുന്നു. അതേ തുടർന്നു ആദ്യം അപ്പോസ്തലന്മാരിൽ ഒരുവനായ പത്രോസു ക്രിസ്തു മുൻകൂട്ടി കൽപ്പിച്ചതനുസരിച്ചു (മർക്കോസ്: 16: 15–16), (മത്താ: 16:18–19) അപ്പോൾ തന്നേ ആദ്യ സുവിശേഷം പ്രസംഗിക്കയും അതു കേട്ടു വിശ്വസിക്കയും അതനുസരിച്ചു രക്ഷിക്കപ്പെടുകയും ചെയ്ത മൂവായിരം പേരെ കർത്താവ് അപ്പോസ്തലന്മാരോടു (സഭയോടു) ചേർത്തു. തുടർന്നും അങ്ങനെ തന്നെ രക്ഷിക്കപ്പെടുന്നവരെയെല്ലാം കർത്താവു ദിനപ്രതി സഭയോടുചേർത്തുകൊണ്ടിരുന്നു. (പ്രവൃ: 2:14-47), (1കൊരി: 12:28), ഇപ്രകാരം സഭയോടു ചേർക്കപ്പെട്ടവർ "കർത്താവിന്റെ ശിഷ്യന്മാർ" എന്നാണ് ആദ്യം അറിയപ്പെട്ടിരുന്നതു (മത്താ: 28:18-20), (പ്രവൃ: 6:1), (9:1). തുടർന്നു ശിഷ്യന്മാരുടെ എണ്ണം ആയിരക്കണക്കിനു വർദ്ധിച്ചുകൊണ്ടിരുന്നു. ((പ്രവൃ: 4:4), (5: 12–14), (6:1), അതേ തുടർന്നു ദൈവം പ്രവാചകന്മാർ, ഉപദേഷ്ടാക്കന്മാർ ഇങ്ങനെ സഭയിൽ ഓരോരുത്തരെ നിയമിക്കയും അവർക്കു ആത്മീക വരങ്ങൾ നല്കുകയും ചെയ്തു (1കൊരി: 12: 28-31). ((പ്രവൃ: 6:1–7). പിന്നീട് അന്ത്യോക്യ എന്ന സ്ഥലത്തു വച്ച് കർത്താവിന്റെ ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്ന നാമം ഉണ്ടായി ((പ്രവൃ: 11:26).

(തുടരും)

# ഒരു മിനിററ്

സി. ആർ. പീയൂസ്

സഹോദരൻമാരെ! ആത്മീയമായി നാം ചിന്തിക്കുമ്പോൾ പണ്ടു നാം ആരായിരുന്നു, എവിടെയായിരുന്നു. ഇപ്പോൾ നാം എവിടെയാണ്, ഇനി നാം എവിടേക്കു പോകുന്നു: ഒടുവിൽ നാം എന്തായിത്തീരും? ഇതിനെല്ലാം അസന്നിഗ്ദ്ധമായ ഉത്തരമുണ്ടോ? ഒരു കാലത്തു നാം ഇല്ലായിരുന്നു. ഇപ്പോൾ ഉണ്ടായി. ഉണ്ടായപ്പോൾ ജീവിതത്തിനു കടിഞ്ഞാണില്ലായിരുന്നു. ലക്ഷ്യരഹിതമായ ഒരു യാത്ര. നിയന്ത്രകനില്ലായിരുന്നു. നമ്മുടെ കയ്യും കാലും വായും കെട്ടഴിഞ്ഞു കിടക്കുകയായിരുന്നു. തോന്ന്യവാസമായ ഒരു പ്രാകൃത ജീവിതം. ഇപ്പോൾ നമുക്കു നാഥനുണ്ടായി. സകലത്തിൻേറയും ഉടയവനായ ദൈവം നമ്മെ വിളിച്ചു പരസ്പരം കൂട്ടിയിണക്കി. അതവിടത്തെ കൃപയാലാണ്. നാം എത്ര ഭാഗ്യവാൻമാരാണ്! ഈ ഭാഗ്യാവസ്ഥയേപ്പററി നമുക്കു ഒരു മിനിററ് ഇരുന്നു ചിന്തിക്കാം. തിരുവചനം പറയുന്നു:

"നിങ്ങളോ അന്ധകാരത്തിൽ നിന്നു തൻെറ അത്ഭുതപ്രകാശത്തിലേയ്ക്കു നിങ്ങളെ വിളിച്ചവൻെറ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട 'ഒരു ജാതിയും' 'രാജകീയ പുരോഹിത വർഗ്ഗവും' 'വിശുദ്ധ വംശവും 'സ്വന്തജനവും' ആകുന്നു. 1 പത്രോ–2:9 "

എന്നാൽ ഈ ഒരു ജാതി എന്നു വച്ചാൽ? ഒരു വിശേഷതയേറിയ ജാതി എന്നാണ്.

തിരുവചനത്തിൽ പറയുന്നു:

യോഹ—6:44ൽ "എന്നെ അയച്ച പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എൻെറ അടുക്കൽ വരുവാൻ കഴികയില്ല.

അപ്പോൾ നാം അറിയാതെ തന്നെ പിതാവ് നമ്മെ ആകർഷിച്ചു.

ഇനി സ്വന്തം ജനം. സഹോദരൻമാരേ! നാം ഏതു വഴിക്കാണ് സ്വന്ത ജനം ആയത്? കർത്താവ് തൻെറ സ്വന്ത ജനത്തിന് നൽകിയ ഇരിപ്പിടം ഏതെന്നും നാം വല്ലപ്പോഴും അന്വേഷിച്ചിട്ടുണ്ടോ? എ

ഫേസ്യർക്കുള്ള ലേഖനത്തിൽ-2:6-ൽ കർത്താവ് അരുളിച്ചെയ്തിരിക്കുന്നതു കേട്ടാലും, "ക്രിസ്തുയേശുവിൽ നമ്മേക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്തധനത്തെ വരും കാലങ്ങളിൽ കാണിക്കേണ്ടതിനു ക്രിസ്തു യേശുവിൽ അവനോടുകൂടെ ഉയർത്തെഴുന്നേല്പിച്ചു സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു." എത്ര മഹത്തായ പദവിയാണ് യഹോവ നമുക്കു നല്കിയിരിക്കുന്നത്; ഈ ഓർമ്മ നമുക്കുണ്ടാവണം. അങ്ങനെയെങ്കിൽ "ലോകത്തേയും ലോകത്തിലുള്ളതിനേയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, കൺമോഹം ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളത് എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രെ ആകുന്നു." (1യോ.2:15-16)

ഇങ്ങനെ നാം സദാ ക്രിസ്തുവിനോടു കൂടിയുള്ളവരാകയാൽ നമുക്കെങ്ങനെ ലോകമോഹാദികളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനാകും? ഒരിക്കലും സാദ്ധ്യമല്ല. എഫേസ്യാ ലേഖനത്തിൽ-5:4ൽ "അങ്ങനെയാകുന്നു വിശുദ്ധർക്കു ഉചിതം. ചീത്തത്തരം, പൊട്ടച്ചൊൽ കളിവാക്ക് ഇങ്ങനെ ചേർച്ചയില്ലാത്തവ ഒന്നും അരുത്; സ്തോത്രമത്രെ വേണ്ടത്" "ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ എന്നു എഴുതിയിരിക്കുന്നുവല്ലോ;
1 പത്രോ—1:16"

ആകയാൽ ദൈവത്തിന്റെ തിരുവിഷ്ടത്തിനൊത്ത ജീവിതം നിറവേററേണ്ടതിനു വേണ്ടിയാണ് അവിടന്നു നമുക്കു ഇക്കണ്ട സ്ഥാനമാനങ്ങളും പദവികളും വാരിക്കോരി നല്കി ആദരിച്ചിരിക്കുന്നത്. അതിനു കടക വിരുദ്ധമായ ജീവിതമായാലോ ദുർന്നടപ്പായാലോ കർത്താവുമായുള്ള പങ്കാളിത്തത്തിൽനിന്നു നാം പുറത്തുപോകും. അവിടത്തെ കൃപയാൽ ലഭിച്ചിരിക്കുന്ന ഇരിപ്പിടത്തിൽ നിന്നും നമ്മെ ഇറക്കിവിടുമെന്നുള്ളത് സുവിശേഷത്തിന്റെ വെളിച്ചത്തിൽ തീർച്ചയാണ്. അങ്ങനെ ഇറക്കിവിട്ടാൽ അവിടെ; "അവരുടെ പുഴു ചാകുന്നില്ല; തീ കെടുന്നതുമില്ല. എല്ലാവർക്കും തീ കൊണ്ടു ഉപ്പിടും. മർക്കൊ 9:48,49."

അതുകൊണ്ടു പ്രിയ സഹോദരീ സഹോദരന്മാരേ! ഒരു മിനിററു ചിന്തിക്കൂ. ശേഷിച്ചിരിക്കുന്ന നമ്മുടെ നാളുകൾ എപ്രകാരമായിരിക്കണമെന്നു ഒന്നു ചിന്തിച്ചാലും. സർവ്വശക്തനായ ദൈവം അനുഗ്രഹിക്കുമാറാകട്ടെ; ആമേൻ.

(6-ാം പേജിന്റെ തുടർച്ച)

എന്ന പോലെ നിങ്ങളോടു സംവാദിക്കുന്ന പ്രബോധനം നിങ്ങൾ മറന്നു കളഞ്ഞുവോ? നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ ദൈവം മക്കളോടു എന്ന പോലെ നിങ്ങളോടു പെരുമാറുന്നു; അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളു? എല്ലാവരും പ്രാപിക്കുന്ന ബാലശിക്ഷ കൂടാതിരിക്കുന്നു എങ്കിൽ നിങ്ങൾ മക്കൾ അല്ല കൌലടേയന്മാരത്രേ. നമ്മുടെ ജഡസംബന്ധമായ പിതാക്കന്മാർ നമ്മെ ശിക്ഷിച്ചപ്പോൾ നാം അവരെ വണങ്ങിപ്പോന്നുവല്ലൊ. ആത്മാക്കളുടെ പിതാവിന്നു ഏററവും അധികമായി കീഴടങ്ങി ജീവിക്കേണ്ടതല്ലയോ? അവർ ശിക്ഷിച്ചതു കുറെ കാലവും തങ്ങൾക്കു ബോധിച്ച പ്രകാരവുമത്രേ; അവനോ നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിന്നു നമ്മുടെ ഗുണത്തിന്നായിതന്നെ ശിക്ഷിക്കുന്നതു. ഏതു ശിക്ഷയും തൽക്കാലം സന്തോഷകരമല്ല ദുഃഖകരമത്രേ എന്നു തോന്നും; പിന്നത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്കു നീതി എന്ന സമാധാന ഫലം ലഭിക്കും.

6 നാം ദൈവത്തിന്റെ മക്കൾ ആയതുകൊണ്ട് നമ്മിൽ പരസ്പരം സ്നേഹം ഉണ്ടാകണമെന്ന് പിതാവ് ഇച്ഛിക്കുന്നു. യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നതു, "ഇങ്ങനെ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെ നാം, അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. ദൈവം സ്നേഹം തന്നേ. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു. ദൈവം അവനിലും വസിക്കുന്നു. ന്യായവിധി ദിവസത്തിൽ നമുക്കു ധൈര്യം ഉണ്ടാവാൻ തക്കവണ്ണം ഇതിനാൽ സ്നേഹം നമ്മോടു തികഞ്ഞിരിക്കുന്നു. അവൻ ഇരിക്കുന്നതുപോലെ ഈ ലോകത്തിൽ നാമും ഇരിക്കുന്നു. സ്നേഹത്തിൽ ഭയമില്ല; ഭയത്തിന്നു ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കി കളയുന്നു. അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടു നാം സ്നേഹിക്കുന്നു. താൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറകയും സഹോദരനെ പകെക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു. കണ്ടിട്ടുള്ള സഹോദരനെ സ്നേഹിപ്പാൻ കഴിയാത്ത ഒരാൾക്കു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കുന്നതിനാൽ, എന്റെ ശിഷ്യന്മാർ എന്നു ലോകം അറിയും എന്നത്രേ കർത്താവു തന്റെ ശിഷ്യന്മാരോട് അരുളിച്ചെയ്തത് (യോഹന്നാൻ 13;35).

നിങ്ങൾക്കു ഏതുതരം സ്നേഹമാണുള്ളത്? നിങ്ങൾ ദൈവത്തിന്റെ മകനോ മകളോ? പിതാവ് നിങ്ങളിൽ ഉണ്ട് എന്ന ഉറപ്പ് നിങ്ങൾക്കുണ്ടോ? നിങ്ങൾക്ക് അവൻ കരുതലോടെ എല്ലാം തരുമെന്ന ഉറപ്പുണ്ടോ? സ്വർഗ്ഗത്തിൽ അവനോടു കൂടെ വസിക്കാമെന്നധൈര്യം നിങ്ങൾക്കുണ്ടോ? നിങ്ങൾ അവന്റെ ഇഷ്ടം ചെയ്താൽ പിതാവും യേശുക്രിസ്തുവും അതെല്ലാം നിങ്ങൾക്കു നൽകും.

# ഒട്ടകവും ധനവാനും

## സണ്ണി ഡേവിഡ്

ഒരു സൂചിക്കുഴയിലൂടെ ഒട്ടകം കടക്കുന്നതിനെ നിങ്ങൾക്കു ഊഹിക്കുവാൻ കഴിയുന്നുണ്ടോ? അതു ബുദ്ധിമുട്ടാണെന്നു മാത്ര മല്ല, അസാദ്ധ്യവുമാണ്. ഈ ലോകത്തിലെ തൻെറ ധനത്തിൽ ആശ്രയം അർപ്പിച്ചിരിക്കുന്ന ധനവാൻ, തൻെറ ആത്മാവിൻെറ രക്ഷക്കോ, നിത്യജീവൻെറ അവകാശത്തിനോ വേണ്ടി ശ്രമിക്കു മെന്നതു അതുപോലെ പ്രയാസകരവും അസംഭവ്യവുമല്ലേ? ഒരി ക്കൽ യേശു പറഞ്ഞു, "ധനവാൻ സ്വർഗ്ഗ രാജ്യത്തിൽ പ്രവേശി ക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതു എളുപ്പം" എന്ന്. കേൾക്കുമ്പോൾ ആശ്ചര്യമെങ്കിലും വാസ്തവത്തിൽ വലി യ ഒരു സത്യം അതിൽ അടങ്ങിയിരിക്കുന്നുണ്ട്. എന്തു കൊണ്ടാണ് കർത്താവ് അങ്ങനെ പറഞ്ഞത് എന്ന് താഴെ വിവരിക്കുന്ന കഥ വ്യക്തമാക്കും.

സ്വർഗ്ഗത്തിൽ നിത്യ ജീവൻ പ്രാപിക്കുവാൻ എന്തു ചെയ്യണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരാൾ യേശുവിനെ സമീപിച്ചു. മോശെ യുടെ ന്യായ പ്രമാണം നിലവിലിരുന്നപ്പോൾ ജീവിച്ചിരുന്ന വ്യ ക്തിയായിരുന്നു ആ ആൾ. അതു കൊണ്ട് യേശു, ദൈവകല്പന കളെ അവന് ബോദ്ധ്യം വരുത്തുകയുണ്ടായി. കുല ചെയ്യരുത്, മോഷ്ടിക്കരുത്, വ്യഭിചാരം ചെയ്യരുത്, കള്ളസാക്ഷ്യം പറയരുത്, കൂട്ടുകാരൻെറ യാതൊന്നും മോഹിക്കരുത്, നിൻെറ അപ്പനേയും അമ്മയേയും ബഹുമാനിക്ക എന്നു തുടങ്ങിയ പ്രമാണങ്ങൾ അനു ഷ്ഠിക്ക എന്ന് അവൻ പറഞ്ഞു. അതിന് അവൻ, ഇതൊക്കെയും ഞാൻ ബാല്യം മുതൽ പാലിച്ചു വരുന്നു എന്നു പറഞ്ഞു. ആ വ്യക്തിയിലുള്ള പോരായ്മ എന്തെന്നു മനസ്സിലാക്കുകയും അവനോടു മനസലിവു തോന്നി ഇപ്രകാരം അരുളിച്ചെയ്തു. സൽഗുണ പൂർണ്ണൻ ആകുവാൻ ഇഛിക്കുന്നുവെങ്കിൽ നീ ചെന്നു നിനക്കുള്ളതു വിററു ദരിദ്രർക്കു കൊടുക്ക; എന്നാൽസ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും: പിന്നെ വന്നു എന്നെ അനുഗമിക്ക" ഈ യൌവനക്കാരൻ വളരെ സമ്പത്തുള്ളവനാകയാൽ ഈ വചനം കേട്ടിട്ടു ദുഃഖിച്ചു പൊയ്ക്കളഞ്ഞു. ആ മനുഷ്യൻ പോകുന്നതു ശ്രദ്ധിച്ചുകൊണ്ടാണ് യേശു, തൻെറ കൂടെയുണ്ടായിരുന്ന ശിഷ്യൻ മാരോട്, സമ്പത്തുള്ളവർ സ്വർഗ്ഗ രാജ്യത്തിൽ പ്രവേശിക്കുന്നതു പ്രയാസമെന്ന് പറഞ്ഞത്. ഒട്ടകത്തിന് എപ്രകാരം സൂചിക്കുഴയി ലൂടെ കടക്കുവാൻ പ്രയാസം നേരിടുമോ അതുപോലെ ധനവാനും

സ്വർഗ്ഗ രാജ്യത്തിൽ കടക്കാൻ പ്രയാസം നേരിടും എന്നർത്ഥം. ഇതു കേട്ട് അത്ഭുതത്തോടെ ശിഷ്യൻമാർ ചോദിച്ചു "എന്നാൽ രക്ഷിക്കപ്പെടുവാൻ ആർക്കു കഴിയും"? മനുഷ്യർക്കു അസാദ്ധ്യമെങ്കിലും ദൈവത്തിനു സകലതും കഴിയുമല്ലോ.

ഇവിടെ, ദൈവത്തിന്റെ വചനത്തെ അനുസരിച്ചിരുന്ന വ്യക്തിയുടെ ധാർമ്മിക മൂല്യത്തെ ആ വ്യക്തിയിൽ നാം ദർശിക്കുന്നുണ്ട്. മത ഭക്തനെന്നും, ശ്രേഷ്ഠനെന്നും മനുഷ്യരാൽ കണക്കാക്കപ്പെട്ട ഒരാളായിരുന്നല്ലോ ആ ധനവാൻ, നല്ലവനും സത്യസന്ധനുമായ ഒരാളാണ് മനുഷ്യരുടെ കാഴ്ച്ചപ്പാടിൽ. ഇതിലപ്പുറം പിന്നെന്തു വേണം എന്നു പോലും ചിലർ ചോദിച്ചു പോകും.

അവൻ തന്റെ ആത്മാവിനെ കുറിച്ച് കരുതലുള്ളവനുമായിരുന്നു. അനേകം പേർ നിലകൊള്ളുന്നതുപോലെ ധനത്തിലും, ശക്തിയിലും, പദവിയിലും മാത്രമല്ല; സ്വർഗ്ഗത്തിൽ ലഭിക്കുന്ന നിത്യ ജീവൻ എങ്ങനെ കിട്ടുമെന്നു അന്വേഷിച്ചു കൊണ്ടുമിരുന്നു. അവന് പുറമെ കുറവൊന്നുമില്ലായിരുന്നെങ്കിലും ഉള്ളിൽ ഒരു കുറവുണ്ടായിരുന്നു. അവൻ തന്റെ ഉള്ളിൽ ധനത്തേയും സമ്പാദ്യത്തേയും അധികമായി സ്നേഹിച്ചിരുന്നു. അവൻ സ്വർഗ്ഗത്തിൽ പോകാൻ ആഗ്രഹിച്ചുവെങ്കിലും തന്റെ പ്രിയപ്പെട്ട ധനത്തെ ഉപേക്ഷിച്ചുകൊണ്ടായിരുന്നില്ല. ധാരാളം പേർ സ്വർഗ്ഗത്തിൽ പോകാൻ ആഗ്രഹിക്കുന്നതുപോലെ അവനും ആഗ്രഹിച്ചു. എന്നാൽ അതിനു കൊടുക്കേണ്ട വിലയായി തന്റെ ധനത്തെ ഊഹിക്കാൻ പോലും അവന് കഴിഞ്ഞില്ല. അവന്റെ ആശ്രയം ആ സമ്പാദ്യത്തിലായിരുന്നു. അതുകൊണ്ട് അവൻ അതിനെ പിടിച്ചുകൊണ്ടിരുന്നു. അവന്റെ മനസ്സിൽ സമ്പത്തിന് നൽകിയിരുന്ന സ്ഥാനം എത്രയോ വലുതായിരുന്നു. അക്കാരണത്താൽ അവന് സ്വർഗ്ഗത്തിൽ പ്രവേശിക്കുക എന്നതു അസാദ്ധ്യമായി മാറി.

ഇന്ന് അനേകമാളുകളുടെ ഉള്ളിലുള്ള സങ്കൽപ്പങ്ങളെയും വിചാരങ്ങളേയും ആശ്രയിച്ചുള്ള അവരുടെ ജീവിത യാത്രയിൽ ദൈവത്തിന്റെ അരുളപ്പാടുകൾക്കു അർഹിക്കുന്ന പ്രാധാന്യം കൊടുക്കുന്നില്ല. താൽക്കാലികമായവക്കു അമിത പ്രാധാന്യവും നിത്യമായവക്കു അപ്രധാനവും കല്പിക്കുകയാണ് അവർ. ഇതെത്ര ഖേദകരമാണ്. നശ്വരമായവയിൽ ആശ്രയവും വിധേയത്വവും അർപ്പിച്ചിരിക്കുന്ന ഹേ മനുഷ്യാ അതു വ്യർത്ഥമാണ്. ഒരേ സമയത്തു രണ്ട് യജമാനൻമാരെ സേവിപ്പാൻ ആർക്കും കഴികയില്ല. അങ്ങനെ ചെയ്യാൻ ശ്രമിച്ചാൽ തന്നെ അതു പരാജയത്തിൽ കലാശിക്കും.

എല്ലാവരും സ്വർഗ്ഗത്തിൽ പോകണമെന്ന ആഗ്രഹത്താലാണ് ദൈവം അതു വാസയോഗ്യമാക്കിയിരിക്കുന്നതു. ദൈവത്തോടും ദൈവത്തിന്റെ കൽപ്പനകളോടും ഉള്ള ഒരു കീഴ്പ്പെടൽ അതിന്

അനിവാര്യമാണെന്നു മാത്രം. ദൈവം പറയുന്നതിന് എതിരായി നിൽക്കുന്നത് എന്തു തന്നെയായാലും അതു വിട്ടുകളയുവാൻ മനസുവേണം. അതു പാരമ്പര്യമാകാം, മനുഷ്യ നിർമ്മിത ഉപദേശങ്ങളാകാം, പണമാകാം, സാമൂഹ്യ നേട്ടമാകാം. എന്തായാലും അതു നീക്കം ചെയ്യുവാൻ ഓരോരുത്തരും തയ്യാറാവണം. ദൈവത്തെ പിൻ പറ്റുന്നതിലും അനുസരിക്കുന്നതിലും തടസ്സമായി നിങ്ങൾക്ക് എന്തെങ്കിലും ഉണ്ടോ?

നിങ്ങൾ, നിങ്ങളുടെ ആത്മാവിനെ കുറിച്ച് കരുതലുള്ള വ്യക്തി അല്ലേ? ഈ ഭൂമിയിലെ ജീവിതത്തിനുശേഷം സ്വർഗ്ഗത്തിൽ നിത്യ ജീവൻ പ്രാപിക്കണമെന്ന് നിങ്ങൾക്കു താൽപ്പര്യമില്ലേ? ഓർമ്മിക്കുക, ദൈവത്തിനു സകലവും സാദ്ധ്യമാണ്. എത്രമേൽ പാപം ചെയ്താലും, യേശുക്രിസ്തുവിന്റെ രക്തത്താൽ അവൻ ശുദ്ധീകരിച്ച് നിങ്ങളോടു ക്ഷമിക്കും എന്ന വാഗ്ദാനം ദൈവത്തിന്റേതാണ്. സകല പാപവും ക്ഷമിച്ചു കിട്ടിയില്ലായെങ്കിൽ നിങ്ങൾക്കു സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ കഴിയാതെ വരും. ദൈവത്തേക്കാൾ പ്രിയപ്പെട്ടതായ, ദൈവ വചനത്തേക്കാൾ പ്രിയപ്പെട്ടതായ എന്തെങ്കിലും നിങ്ങളുടെ ജീവിതത്തിൽ ഉണ്ടെങ്കിൽ അതു നീക്കിക്കളയുവാൻ ഒരുങ്ങുക.... കാരണം, ദൈവത്തിനു പ്രഥമസ്ഥാനം നൽകയില്ലാ എങ്കിൽ, നിങ്ങൾക്കുവേണ്ടി ദൈവത്തിനു പ്രവർത്തിക്കാൻ കഴിയാതെ വരും എന്നതാണ്. തന്നെയുമല്ല, എല്ലാ വഴികളിലും നിങ്ങൾക്കു അവനെ പിൻപറ്റാനും കഴിയാതെയും വരും. ഒരാളുടെ ജീവിതത്തിൽ ദൈവം മുൻപന്തിയിലുണ്ടെങ്കിൽ, അവൻ ദൈവം ആജ്ഞാപിക്കുന്നതു എല്ലാം ചെയ്യും.

തന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ച സകല മനുഷ്യരേയും അവൻ സ്നേഹിക്കുന്നു. അതുകൊണ്ട് അവൻ എല്ലാവരേയും പാപത്തിൽ നിന്നു രക്ഷിക്കുവാനും ആഗ്രഹിക്കുന്നു. ദൈവം മനുഷ്യനായി ഈ ഭൂമിയിൽ വന്നതിന്റെ ഉദ്ദേശം അതായിരുന്നു. ''ഞാൻ തന്നെ വഴിയും സത്യവും എന്നു പറഞ്ഞുകൊണ്ട് അവൻ മനുഷ്യർക്കു രക്ഷാ മാർഗ്ഗം കാണിച്ചു കൊടുത്തു. അവൻ മനുഷ്യന്റെ പാപങ്ങൾക്കു പ്രായശ്ചിത്ത ബലിയായി തീർന്നു. പാപങ്ങളുടെ പരിഹാരം വരുത്തേണ്ട വ്യക്തിപരമായ ഉത്തരവാദിത്വം ഓരോരുത്തർക്കും വിട്ടു തന്നിരിക്കുന്നു. കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച്, മാനസാന്തരപ്പെട്ട്, പാപമോചനത്തിനായുള്ള സ്നാനമേൽക്കുക. അങ്ങനെ ദൈവത്താൽ രക്ഷ പ്രാപിക്കുന്നവർ മരണപര്യന്തം അവനിൽ വിശ്വസ്തത പുലർത്തിയാൽ അവർക്ക് സ്വർഗ്ഗത്തിൽ നിത്യ ജീവൻ പ്രാപിക്കും (വെളിപ്പാട് 2:10).

നിങ്ങൾ സന്തോഷത്തോടെ ദൈവത്തിന്റെ വചനം അനുസരിക്കുമോ? അതോ നിങ്ങൾ ദുഃഖിച്ചു പൊയ്ക്കളയുമോ?

**

YOUR ATTENTION PLEASE !

# Radio Srilanka Broadcasts

ENGLISH—*The Voice of Truth*—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth. Post Box 3815, New Delhi–110049.

Mondays— 9 : 00 to 9 : 15 P.M.
Fridays— 7 : 45 to 8 : 00 P M.

HINDI – *Satya Susamachar*—Speaker : Sunny David.

All correspondence should be sent to Satya-Susamachar, Post Box 3815, New Delhi–110049.

Tuesdays— 9 : 00 to 9 : 15 P,M.
Thursdays— 9 : 00 to 9 : 15 P.M.
Fridays — 9 : 00 to 9 : 15 P.M.
Sundays— 12 : 45 to 1 : 00 P.M.

TELUGU—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth Post Box 60, Kakinada–533001.

Sundays— 2 : 30 to 2 : 45 P.M.
Tuesdays— 2 : 30 to 2 : 45 P.M.
Thursdays- 2 : 30 to 2 : 45 P.M.
Fridays— 2 : 30 to 2 : 45 P.M.
Saturdays—2 : 30 to 2 : 45 P.M.

TAMIL—*"The Way of Truth"*—Speaker : P. R. Swamy.

All correspondence should be sent to The Way of Truth Post Box 8405, Bangalore 560084.

Tuesdays— 5 : 30 to 5 : 45 P-M.
Thursdays— 6 : 45 to 7 : 00 P.M.
Sundays— 6 : 45 to 7 : 00 P.M.

MALAYALAM—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ Trivandrum-34, Kerala.

Tuesdays & Fridays— 3 : 45 to 4 : 00 P.M.

KANNADA—The Voice of truth–Speaker Robert Rathnakar–Box. 448, Bangalore–560004

Sundays 1:45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Prinetd and Published by P. K. Varghese Church of Christ Tvm: Printed at P.P Press, for Santhosh Printers Trivandrum.

Reg: No. K Dis 90095/ 86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend

Services and Bible studies

Sunday 10 a.m.
Tuesday 6.30 p. m

Meeting place

CHURCH OF CHRIST BUILDING
Sunny Meads Lane
Behind Sanskrit College, palayam
Trivandrum-695034

All correspondence should be sent to the Editor Bible Truth, Church of Christ. Trivandrum-34, Kerala. South India.

To

From

THE BIBLE TRUTH
Church of Christ
Sunny Meads Lane
Trivandrum-695034